

# കൂട്ടില്ലാ കാലത്തെ മുദ്രണങ്ങൾ

CPA College of Global Studies
Annual Magazine 2019-20


More taste...
More fun...
പരമ്പരാഗത അറേബ്യൻ
രുചി തനിമയുമായി
ചിക്കൻ കുഴിമന്തി
മട്ടൻ കുഴിമന്തി
ബീഫ് കുഴിമന്തി
അൽഫാം കുഴിമന്തി
ബർബിക്യൂ കുഴിമന്തി
തന്തൂരി റൊട്ടി
ബട്ടർ നാൻ
ചീസ് നാൻ
പ്ലൈൻ നാൻ
FREE HOME DELIVERY AVAILABLE
ALRAZI (TM)
RESTAURANT
കുഴിമന്തി
NH
KARIPPOL - VETTICHIRA
9072 20 00 97
alrazirestaurant2@gmail.com
Our Branches
Thiruvalla
773 6045 377
Kottayam
974 595 4040

Wholesale & Retailes
AKP
PLYWOOD & LOCK CENTRE
Thirunnavaya Road
PUTHANATHANI
Ph: 9946 775 530, 8547 719 232
AKT VALANCHERY | AKP KOTTAKKAL | AKT PADINCHARANGADI

# കൂട്ടില്ലാ കാലത്തെ മുഖങ്ങൾ

CPA College of Global Studies
Annual Magazine 2019-20

Statement of
ownership and
other particulars about
**CPA College of Arts & Science, Puthanathani**
College Magazine 2019 - 20
(Form IV See Rule -8)

**Place of Publicatoin**
Puthanathani
**Periodicity of Publication**
Annual
**Printers & Publisher's Name**
Prof. Mohammed Thayyil Hussain
Nationality : Indian
**Address**
Principal, CPA College of Arts & Science
Punnathala P.O., Malappuram Dt., - 676 552

I here delcare that the particulars given above
are true to the best of my knowledge and belief

Prof. Mohammed Thayyil Hussain
Principal

Cover and Layout : **Ajmal Kuruka _ Signo Prints**
Printed @ : **Signo Prints, Vailathur**
Mob: **9995643214, 9995095249**



**ഡോ. കെ.ടി.ജലീൽ**
**ഉന്നത വിദ്യാഭ്യാസ, ന്യൂനപക്ഷ ക്ഷേമ,**
**വഖഫ് & ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി**

**കേരള സർക്കാർ**

**തിരുവനന്തപുരം**

**തീയതി 13-01-2021**

## സന്ദേശം

പുത്തനത്താണി സി. പി. എ കോളേജ് 2020-21 അക്കാദമിക വർഷം സ്റ്റുഡന്റ്സ് മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്.

ഈ മാഗസിൻ നിലപാടുകളുടെ തെളിമ കൊണ്ടും സമീപനത്തിലെ കൃത്യത കൊണ്ടും സമ്പന്നമാകട്ടെ എന്ന് പ്രത്യാശിക്കുന്നു.

മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം

ഡോ. കെ. ടി.ജലീൽ

**ഓഫീസ്: നാലാം നില, 401-നമ്പർ മുറി , സെക്രട്ടേറിയറ്റ് അനക്സ് –1, തിരുവനന്തപുരം-695001**
**ഫോൺ: 0471-2327895, 0471-2327796**
**വസതി : 'ഗംഗ', 'കന്റോൺമെന്റ് ഹൌസ്' അങ്കണം**
**ഫോൺ : 0471-2720451-0471 2723181**




**വി. അബ്ദുറഹിമാൻ**
(താനൂർ)

**മെമ്പർ**
കേരള നിയമസഭ

**<u>വസതി:</u>**
വെള്ളേക്കാട്ട് ഹൗസ്
പോറൂർ, പൂക്കയിൽ പി.ഒ.
തിരൂർ - 676 107

**<u>ഓഫീസ്</u>**
മൂലക്കൽ
കെ.പുരം പി.ഒ
താനൂർ, മലപ്പുറം

ഫോൺ :
ഓഫീസ് : 04942442255
എം.എൽ.എ. ഹോസ്റ്റൽ : 04712512360
മൊബൈൽ : 9895 80 4000

നെയ്യാർ ബ്ലോക്ക്-50,
എം.എൽ.എ. ഹോസ്റ്റൽ
തിരുവനന്തപുരം
ഇ-മെയിൽ : mlatanurvar@gmail.com


സ്ഥലം : 31/12/2020
തീയതി : താനൂർ

വിദ്യാർത്ഥികളെ ലക്ഷ്യബോധമുള്ള സാമൂഹ്യജീവികളാക്കി മാറ്റുന്നതിനും അവരുടെ വിശകലന വൈദഗ്ദ്ധ്യവും രചനാത്മകതയും പരിപോഷിപ്പിക്കുന്നതിനുമുള്ള മഹത്തായ അക്ഷരവേദിയാണ് കോളേജ് മാഗസിൻ.

ക്യാമ്പസുകളിൽ പിറവിയെടുക്കുന്ന സർഗസൃഷ്ടികൾ അഭിപ്രായ സ്വാതന്ത്ര്യത്തിന്റേയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റേയും മതേതരത്വത്തിന്റേയും മാനവീയ കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുന്നതാവണം.

പുത്തനത്താണി സി.പി.എ കോളേജ് പുറത്തിറക്കുന്ന സ്റ്റുഡന്റ്സ് മാഗസിൻ അത്തരത്തിലുള്ളതായിരിക്കുമെന്ന് ആശിക്കുന്നു. മാഗസിനിൽ അക്ഷരങ്ങളുടെ സർഗ്ഗസൃഷ്ടി സമ്മാനിച്ചവർക്കും മാഗസിൻ പുറത്തിറക്കുന്നതിന് നേതൃത്വം വഹിച്ച വിദ്യാർത്ഥികൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ അദ്ധ്യാപകർക്കും ആശംസകൾ നേരുന്നതോടൊപ്പം സി.പി.എ. കോളേജിന്റെ സ്റ്റുഡന്റ്സ് മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം

**വി. അബ്ദുറഹിമാൻ**
എം.എൽ.എ

# സമർപ്പണം



ചിറകുകളൊതുക്കി അനന്തമറിയായ്
ആകാശതീരത്തെ നീ ചുംബിച്ചിടുമ്പോൾ....
ഇന്നും സ്മരണകളിൽ വാടാതെ പൂത്തിടുന്നു.....
പ്രിയ റംഷീദിന് ബാഷ്പാഞ്ജലികൾ



കുറേ ഒന്നും പറയാനില്ല.കാരണം എന്നേക്കാൾ പറയാനുണ്ട് ഇതിലെ ഓരോ താളിനും. ചുറ്റും കേൾക്കുന്ന കാണുന്ന സത്യങ്ങളാണ് ഇതിൽ ഉള്ളത്. നിങ്ങൾക്ക് അവക്ക് നേരെ കണ്ണടക്കുകയോ മറിച്ച് പോകുകയോ ചെയ്യാം. ഒന്നും നിസ്സാരമല്ല. യുവത്വത്തിന് തിരക്ക് പിടിച്ച ഈ യാത്രയിൽ കൂട്ടായി നിർത്താൻ അക്ഷരങ്ങളെ ചേർത്തു വച്ചു. ജീവിതമെന്ന വലിയ പാഠത്തിലെ ചില ഓർമ്മകൾ , വിരഹവും നൊമ്പരവും , നിരാശയും പ്രത്യാശയും ഇതിൽ ഉണ്ട്. അതിന്റെ ഒരു അടയാളപ്പെടുത്തലാണ് ഈ മാഗസിൻ. നാം ഇതിന്റെ ഓരോ അക്ഷരത്തിലും ജീവിക്കുന്നുണ്ട്. നമ്മുടെ സ്പന്ദനങ്ങൾ നിങ്ങൾക്ക് കേൾക്കാനാകും.. ഒരുപാട് പറയാതെ ഒരു പാട് പ്രതീക്ഷയോടെ .

**ആശാ. പി**
സ്റ്റാഫ് എഡിറ്റർ



ഈ കഴിഞ്ഞ
ഒരു കൊല്ലത്തെ
നമ്മുടെ ക്യാംപസിന്റെ
മധുരമുള്ള ഓർമ്മകളും
നന്മയുള്ള സൗഹൃദങ്ങളും
പ്രണയവും വിപ്ലവവും
നമ്മൾ അനുഭവിച്ച
അതിജീവന വഴികളും ഇതിൽ
നിറഞ്ഞിട്ടുണ്ട് .
നിങ്ങൾക്ക് ഇതിനെ
വിമർശിക്കാനും
അംഗീകരിക്കാനുമുള്ള
അവകാശമുണ്ട്.
എന്നാൽ
നിങ്ങളുടെ ചിന്തകളിൽ
ഒരുതരി വെളിച്ചം കോറിയിടാൻ ഈ
മാഗസിന്
സാധിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു.

**ഷമീം എം.ഐ.വി**
സ്റ്റുഡന്റ് എഡിറ്റർ

കാലം പ്രളയമായും നിപ്പയായും
കൊറോണയായും പ്രതിസന്ധി ഏട്ടങ്ങും
തീർത്തപ്പോഴും തളരാതെ മനസ്സിനെ
കരുത്താക്കി അഭിമാന ബോധത്തോടെ
മുന്നേറാൻ തുടങ്ങിയപ്പോഴും അകന്നിരുന്ന്
മനസ്സിന്റെ ഒരുമയിൽ തീർത്ത തൂലികാക്ഷരങ്ങളും.....
ഇന്ന് കൂട്ടില്ലാ കാലത്തെ മുദ്രണങ്ങളായി മാറി....



CHAIRMAN
**CP. ABDURAHIMAN HAJI**



PRINCIPAL
**MUHAMMAD HUSSAIN THAYYIL**




MANAGER
**T. UBAID**



SECRETARY
**DR. HUSSAIN RANDATHANI**

OPENING SOON

INFINITY CARS

CHUNGAM, VETTICHIRA

Your new experience of motoring

ICON TRADING

THE SIGN OF TRUST

Authorised Distributor:-

Sika BUILDING TRUST

ECO PRO MULTI-USE FIBRE CEMENT BOARDS

CONSTRUCTION CHEMICALS
WATER PROOFING MATERIALS
ARCHITECTURAL MATERIALS &
BUILDING MATERIALS

Mob: 9744 00 2345 | 9207 10 4000 | 9447 11 1780
Chungam, Vettichira, www.icontrading.in



Gayathri. P.K



# അദൃശ്യ വീരൻ

പാരിനെ ഭീതിയിൽ വിട്ട വീരാ....
നാടിനെ ഞെട്ടിച്ച കുഞ്ഞി വീരാ.....
നാളിതു വരെ വന്നില്ലല്ലോ നിന്നെ തുരത്തുവാനുള്ള മാർഗ്ഗം.
ഇനിയെങ്കിലും ഒന്ന് നിർത്തരുതോ നിന്റെ സംഹാരതാണ്ഡവം...
മാറ്റിമറിച്ച കുഞ്ഞേ കാൽക്കൽ വണങ്ങുന്നു തൊഴു കൈയ്യോടെ.
ഉള്ളവനും ഇല്ലാത്തവനും തോറ്റുപോയി കാണാമാറയത്തെ
അദൃശ്യവീരൻ



Safoora

# കുത്തി വെപ്പപല്ല ! കുത്തിയിരിപ്പാ....



നിർണയം മഹാമാരി ഒരു മുന്നറിയിപ്പായി മർത്യൻ തൻ ലക്ഷ്യമാക്കി ആശയവിനിമയം തടസ്സം രൂക്ഷമാം മറ തൻ വെറുമൊരു മാസ്കിട്ട എണ്ണത്തിൽ ഒന്ന് കോവിഡ പ്രാണഹാനി നക്കി നീക്കവേ കുത്തിവെപ്പ് അല്ല കുത്തിയിരിപ്പായി പിന്നെ.....

ലോക്ക്ഡോൺ ഭീതി കവാടം തുറക്കവേ വാട്സപ്പും ഇൻസ്റ്റയായി ലൈഫ് ലോകം ഉറ്റുനോക്കും ലോക്ഡൗൺ ആവേശമറ്റ അസാധുവായി അമീർ ഗിരിബിയെല്ലാം! സ്റ്റേ ഹോം സ്റ്റേ സേഫ് വെല്ലുവിളിയാം ക്ലീൻ ഷേവ് ഫോട്ടോ കോണ്ടസ്റ്റ് ചലഞ്ചു കൾ മാത്രം യുക്തി.......

ക്ഷിതിയിൽ വാഴ്ത്തപ്പെട്ട കരുക്കളായി
ദൈവത്തിന്റെ മാലാഖമാർ ഇന്ന്........
ജാതി വർഗ മതമില്ല ശുശ്രൂഷയായി
അന്യർക്ക് താങ്ങായി വർ എന്നും......
മ്ലാനമാം ആശങ്കയിൽ പാവം കർഷകർ
താടിക്ക് കൈ കൂപ്പി കുത്തിയിരിപ്പായി
എത്രകാലം സാകൂതം ദൈവം കൈകാട്ടി
ചിരിക്കവേ മർത്യൻശ തൻ ധാർഷ്ട്യഫലമായി
കൊറോണ പേമാരി വഴി നീളെ....
ഐക്യചങ്ങല വലിച്ചു നമ്മൾ ആരായും
നിസ്സാരം നമ്മളെക്കൊണ്ട് പറ്റും
നമ്മളെ കൊണ്ടേ പറ്റൂ



Vasudevan
Unni

# കാലനും യക്ഷിയും



കാലാലയം ഭൂമിയിലേക്കു മാറ്റി
സ്ഥാപിച്ചു നിർത്തിയൊരു കാര്യമോർത്താൽ
പ്രേതങ്ങളെക്കൊണ്ട് നിറഞ്ഞു പിന്നെയും
വിട്ടുപോകാത്തൊരാ കൊറോണ യക്ഷിയും
എന്തൊരു പോക്കിത് അഹോ കഷ്ടം
പെട്ടെന്നൊരുപാധിയാകാ
നിപ്പയേക്കാൾ ഉഗ്രരൂപിണിയാം
വന്നിറങ്ങിയീ നാടിനെ കാലന് കാഴ്ചവച്ചല്ലോ
പ്രകൃതി തൻ വികൃതികൾ
കണ്ടുനാമൊട്ടേറെ
അതിജീവനത്തിൻ നാളുകൾ താണ്ടിയും
ഇനിയുമൊരു പരീക്ഷണമെന്തിനീനാട്ടിൽ
കാലനും യക്ഷിക്കും പിൻമടക്കമില്ലേ?
ദൈവത്തിന്റെ നാട്ടിൽ
കേരളമെന്നൊരീ ഭൂവിടത്തിൽ
ഒന്നിച്ചൊന്നായ് പ്രതിരോധിക്കാം
തൻ നാടിനെ രക്ഷിച്ചീടാൻ
മനുജർക്ക് ഒന്നിക്കാനായ് വീണ്ടും
രോഗപ്രളയങ്ങൾ വരണമെന്നോ?
കഷ്ടം നമ്മുടെ ദുസ്ഥിതിയോർത്താൽ
നമ്മുടെ യോഗം അല്ലാതെന്താ?



Harshad V.T

# പ്രാണവയുവിന്റെ നിറം കറുപ്പ്

എനിക്ക് ശ്വാസം കിട്ടുന്നില്ല, അടിച്ചമർത്തലിനെതിരായ പുതിയ മന്ത്രം ഇതാവണം എന്നാണ് വിഖ്യാത നൈജീരിയൻ നോവലിസ്റ്റ് ബെൻ ഓക്രി പറയുന്നത്. നീതിനിഷേധങ്ങളുടെ ലോകത്ത് അനിവാര്യമായ മാറ്റത്തിലേക്ക് നയിക്കുന്ന ബഹുജന മുന്നേറ്റത്തിന് അഗ്നി പടരേണ്ട വാക്കുകൾ. അമേരിക്കയിലെ തെരുവുകളിൽ നിന്ന് എനിക്കു ശ്വാസം കിട്ടുന്നില്ല എന്ന വാക്കുകൾ, വർണ വിവേചനത്തിന്റെ രൂക്ഷമായ ഭാവം ലോകത്തിന് മുന്നിൽ വിളിച്ചുപറയുന്നു. "I Can't Breath" എന്നെഴുതിയ സമരവാക്യവുമായി കോവിഡ് മഹാമാരിയെ വകവെക്കാതെ ആയിരങ്ങൾ അമേരിക്കയുടെ നഗരങ്ങളിൽ പ്രതിഷേധാഗ്നി പടർത്തുന്നത്. നിങ്ങളെന്റെ സ്വാതന്ത്ര്യം അപഹരിച്ചു എന്നല്ല, അഭിമാനത്തോടെ തലയുയർത്തി നിൽക്കാനുള്ള അവകാശം നിഷേധിച്ചു എന്നല്ല, നിങ്ങളെനിക്ക് നിഷേധിച്ചത് പ്രാണവായു തന്നെയാണ് എന്നവർ വിളിച്ചു പറയുന്നത്. ഒരു മഹാസാഹിത്യകാരനും കഴിഞ്ഞിട്ടില്ലാത്ത ഒതുകത്തോടെ അടിച്ചമർത്തലിന്റെ യഥാർത്ഥ അവസ്ഥ വെറും മൂന്നുവാക്കുകളിൽ ആവഹിക്കാൻ ജോർജ് ഫ്ലോയിഡ് എന്ന കറുത്ത യുവാവിന് സ്വന്തം മരണത്തിലൂടെ കഴിഞ്ഞെന്ന് ജൂൺ എട്ടിന് ഗാർഡിയൽ ദിനപത്രത്തിൽ എഴുതിയ കുറിപ്പിൽ ബെൻ ഓക്രി ചൂണ്ടികാണിക്കുന്നുണ്ട്. ഈ ആശയപരിണിതമാണ് അമേരിക്കയിലെ തെരുവുകളിൽ നിന്ന് ഈ മുദ്രവാക്യം ലോകമെറ്റെടുത്തത് .



മിനാസോട്ട സംസ്ഥാനത്തെ മിനിയാപോളിസ് നഗരത്തിലെ കടയിൽ നിന്ന് സിഗരറ്റ് വാങ്ങാൻ ഇരുപത് ഡോളറിന്റെ കള്ളനോട്ട് നൽകിയെന്ന പരാതിയിലാണ് മെയ് 25ന് ജോർജ് ഫ്ലോയിഡ് എന്ന യുവാവിനെ അറസ്റ്റ് ചെയ്യുന്നത്. അറസ്റ്റ് ചെറുക്കാൻ ശ്രമിച്ച ഫ്ലോയിഡിനെ തറയിൽ തള്ളിയിട്ട ഡെറിക് ഷോവിൻ എന്ന വെള്ളക്കാരനായ പോലീസുകാരൻ കഴുത്തിൽ കാൽമുട്ടമർത്തി. ദീർഘനേരം പൊലീസുകാരന്റെ കാൽകീഴിൽ നേരിഞ്ഞമർന്നു കിടന്ന ആ 46 കാരൻ 'എനിക്ക് ശ്വാസം കിട്ടുന്നില്ലെന്ന്' കരഞ്ഞുപറ

ഞ്ഞു. ദീനരോധനം ചെവിയിൽ മുഴങ്ങിയിട്ടും ചവിട്ടിയ കാലെടുക്കാൻ വിസമ്മതിച്ച നിയമ പാലകർ ആശുപത്രിയിലെത്തിക്കുംമ്പോഴേക്ക് ആയുസ്സിന്റെ ജീവൻ നിലച്ചിരുന്നു. വർഗവെറിയുടെ അന്തരീക്ഷത്തിൽ അമേരിക്കയുടെ മണ്ണിൽ ജീവൻ നഷ്ട്ടപെട്ട ആദ്യത്തെയാളല്ല ഫ്ലോയിഡ്. ഇതിന് മുമ്പും നിരവധി കറുത്തവർഗ്ഗക്കാർ ഇരയായി മരണത്തിലേക്ക് വഴുതി വീണിട്ടുണ്ട്. എറിക് ഗാർനർ,ഫിലാഡോ കാസിൽ,ആൾട്ടൺ സ്റ്റെർലിങ്,കീത്ത് സേകാട്ട്, ജോർഡൻ എസ്വാർഡ്സ്,സ്റ്റീഫൻ ക്ലാർക്ക്, ആലിയാന ജോൺസ്,ജോൺക്രഫോർഡ്, അഹമൂദ് ആർബെറിയ തുടങ്ങി നിരവധി പേർ ഈ വർണ്ണവെറിയുടെ ആലയിൽ ജീവൻ നഷ്ട്ടപ്പെട്ടവരാണ്. കറുത്ത വർഗക്കാർ കൊല്ലപ്പെടുന്ന മിക്ക സംഭവങ്ങളിലും വെളുത്ത വർഗ്ഗക്കാരായ പ്രതികൾ കുറ്റമുക്തരാവുകയും ചെയ്യുന്നു. ഇതിനു മുമ്പത്തെ കൊലപാതകങ്ങൾ പോലെ നിസ്സംഗമായല്ല അമേരിക്കൻ സമൂഹം ജോർജ് ഫ്ലോയിഡിന്റെ ജീവഹത്യയെ നേരിട്ടത്. കറുത്തവരോടുള്ള അനീതിക്കെതിരെ കറുത്തവരും വെളുത്തവരും ഒറ്റകെട്ടായി പ്രക്ഷോഭങ്ങൾക്ക് അണിചേർന്നത്. എനിക് ശ്വാസം കിട്ടുന്നില്ല എന്ന വാകൃത്തിന്റെ ശക്തിയും സർവ്വ ലൗകികതയുമാണ് ഇതിനു കാരണമായത്. 'എനിക്ക് ശ്വാസം കിട്ടുന്നില്ല' എന്ന വാക്ക് വെറും വാക്കല്ല. ലോകത്തെ ശരിയായ പ്രതിപക്ഷമായി മാറി. വാക്കിന്റെ മൂർച്ചയിൽ പ്രതിരോധം ശക്തമായി. തോക്കുകൾക്ക് നേരെ വാക്കുകൾ മാരക പ്രഹരശേഷിയുള്ള ആയുധമായി മാറി.

ലോകം നേരിടുന്ന മറ്റൊരു ഏടാണ് ഇസ്ലാമോഫോബിയ. തെറ്റുധരിപ്പികലുകളുടെ വീഴുപ്പിനുമുകളിലേറി ഇസ്ലാമിനെ മുക്തകഠം തള്ളിപറയുന്ന ആഗോള സംസ്കാരം ഉടലെടുത്തിരിക്കുന്നു. തെറ്റായ ആശയ ദൃശ്യങ്ങളിലൂടെ പുതിയ തലമുറയുടെ ബോധ മനസ്സുകളിൽ ഇസ്ലാമിക വിരുദ്ധത നിറയ്ക്കാൻ ചില ആശയ കേന്ദ്രങ്ങൾക്ക് സാധിച്ചു. എന്നാൽ ഇസ്ലാമിക കാഴ്ചപ്പാടുകളുമായി ഫ്ലോയിഡ് സംഭവത്തെ വിലയിരുത്തപെടുമ്പോൾ ചരിത്രത്തിൽ മറ്റൊരു കാലമുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാം. ഇസ്ലാമിക ചരിത്രത്തിൽ നിന്ന് ചില പാഠങ്ങൾ ഗ്രഹിക്കാൻ സാധിക്കും. പ്രവാചകന്റെ സദസ്സിൽ അബുദർദ് (റ) തന്റെ ഭൃത്യനെ കറുത്തവന്റെ മകനെ എന്ന് വിളിക്കുന്നത് കേട്ട തിരു നബി അബൂദർദ് (റ) ശാസിച്ചു. നീതിയുടെ മുന്നിൽ വർഗ, വർണ, മത, ദേശ, ഭാഷ വിത്യാസമില്ലെന്നും ഇസ്ലാം പഠിപ്പിക്കുന്നു.

വാക്കിനും ആശയങ്ങൾക്കും മൂർച്ച കൂട്ടുക, അനീതിക്കെതിരെ ശബ്ദമുയർത്തുക. തെറ്റായ ആശയങ്ങൾ സൃഷ്ടിക്കുന്ന കേന്ദ്രങ്ങളെ ഉന്മൂലനം ചെയ്യുക. കറുത്ത വർഗ്ഗക്കാരെയും കുടിയേറ്റക്കാരേയും വെറുക്കുന്ന വെളുത്ത മതഭ്രാന്തന്മാരെ വൈറ്റ് ഹൗസിലേക്ക് ആനയിച്ച അമേരിക്കൻ വോട്ടർ മാരുടെ മനോഘടനയിലാണ് ഇനി മാറ്റം വരുത്തേണ്ടത്.

ജോർജ് ഫ്ലോയിഡിലൂടെ അവസാനിപ്പിക്കാം,
ഈ വർണ്ണ വെറി... ഉയരട്ടെ...! ശബ്ദങ്ങൾ...!

**കടപ്പാട് : എസ്. കുമാർ**
**ഹർഷാദ്**





# ദൈവത്തിന്റെ കരങ്ങൾ



Mubeen
Sherin

കേരളം മുഴുവൻ ദുരിതമനുഭവിക്കുമ്പോൾ നൗഷാദിക്ക എങ്ങനെ വെറുതെയിരിക്കും. മഴക്കെടുതിയുടെ ദുരിതമനുഭവിക്കുന്നവക്ക് ഒന്നും കൊടുക്കേണ്ടെന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പണം കൊടുക്കേണ്ട എന്ന് പറയുന്നവർ നൗഷാദിന്റെ ഈ പ്രവർത്തി ഒന്ന് കാണണം തന്റെ തുണിക്കടയിലെ വസ്ത്രങ്ങൾ മഴക്കെടുതിയിൽ ദുരിതാനുഭവിക്കുന്നവക്ക് നൽകിയിരിക്കുകയാണ് മലപ്പുറത്തെ തുണികച്ചവടക്കാരനായ നൗഷാദ് വയനാട്, നിലമ്പൂർ എന്നിവിടങ്ങളിൽ ക്യാമ്പുകളിലേക്ക് വസ്ത്രം ശേഖരിക്കാൻ എത്തിയ നടൻ രാജേഷ് ശർമ്മയും കൂട്ടരും എറണാകുളം ബ്രോഡവേയിൽ കളക്ഷന് എത്തിയപ്പോഴാണ് നൗഷാദിനെ കാണുന്നത്. തങ്ങൾ വസ്ത്രമാണ് ശേഖരിക്കുന്നതെന്ന് പറഞ്ഞപ്പോൾ ഒന്ന് തന്റെ കടവരെ വരുമോ?. എന്ന് നൗഷാദ് ചോദിച്ചു. അവിടെയെത്തിയ സംഘത്തിന് നൗഷാദ് വസ്ത്രങ്ങൾ എടുത്തു കൊടുത്തു. നൗഷാദിന്റെ പ്രവർത്തി കണ്ട് അമ്പരന്ന സംഘത്തിന് കുടുതൽ വസ്ത്രങ്ങൾ കൊടുക്കുകയായിരുന്നു. ഇതൊക്കെ ചെയ്താൽ നൗഷാദിന് 'നഷ്ടം വരില്ലേ'?. 'എന്ന് ചോദിച്ചപ്പോൾ മനുഷ്യരെ സഹായിക്കുന്നതിൽ ആണ് എന്റെ ലാഭം ' എന്ന് മറുപടി പറഞ്ഞു. 'നമ്മൾ ഇവിടുന്ന് പോകുമ്പോൾ പറ്റില്ലല്ലോ ! '.

നാളെ പെരുന്നാളല്ലേ.... ?. എന്ന ചോദ്യത്തിന് ' എന്റെ പെരുന്നാൾ ഇങ്ങനെയാ..!' എന്ന് ചിരിച്ച നൗഷാദ് നന്മയുടെയും സഹജീവി സ്നേഹത്തിന്റെയും വലിയ മാതൃകയാണ് നമ്മുടെ മുന്നിൽ കാട്ടിത്തരുന്നത്.

കുട്ടികൾക്കും സ്ത്രീകൾക്കുമടക്കമുള്ള പുതുവസ്ത്രങ്ങൾ വാരി ചാക്കിൽക്കെട്ടി നൗഷാദ് ഒരുപാട് നല്ല മനസ്സുകൾക്കൊപ്പം. ഇക്കൊല്ലം ആരും കൊടുക്കുന്നില്ലത്രേ എന്ന് ചിരിയോടെ പറയുന്നവരുടെ മുഖത്തടിച്ചാണ് നൗഷാദ് എന്ന മനുഷ്യൻ ചാക്കുകളിൽ സ്നേഹം നിറച്ചത്. ആകാശം ഭൂമിയിലേക്ക് വീഴാതെ താങ്ങി നിർത്തുന്നത് വലിയ മനുഷ്യരുടെ കാണാൻ കഴിയാത്ത കൈകളാണെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. നൗഷാദിക്കാ, തീർച്ചയായും അതിലൊരു കൈ നിങ്ങളുടെയാണ്

"എനിക്ക് നാട്ടുകാരെ സഹായിക്കുന്നതാണ് എന്റെ ലാഭം"





Adila
Nasrin

# Isolation



It was a spring season,
and i was scrolling in my garden.
Blooming flowers and dancing butterflies,
made my eyes pleasures...

Me,that five year old boy, caught it,
Caught that butterfly only to comfort it...
I wish if I could give it a luxury
it will be more happily...

A small bed provided,
with a bowl of honey..
Such,it can drink as much...
and cage was huge as it can fly more...

But,over two days,it can't live
I thought why so,even i gave him better.
A better life to enjoy...
may be died by over extreme happy...

Years passed,now i'am fifty..
In between this tiring luxury.
I recognize why the butterfly died,
and now i'm slowly moving to hide...

# ഓർമയിലെ വൃദ്ധസദനം



Jasla
Farsana



ഡിസംബർ 9.ഒരു ശനിയാഴ്ച്ച ദിവസം. ഇന്ന് ക്ലാസ്സ് അവധിയാണ്. അതുകൊണ്ട് തന്നെ പ്രിയ അദ്ധ്യാപിക ഇനിമ ടീച്ചർ നിർദേശിച്ച പ്രകാരം ഇന്ന് ഞങ്ങൾ ഒരു യാത്ര പോവുകയാണ്. അത് വേറെവിടെക്കും ആയിരുന്നില്ല. ജീവന് തുല്ല്യം സ്നേഹവും ലാളനയും നൽകി പോറ്റി വളർത്തിയ, പരുന്തിന്റെ ക്രൂര കണ്ണുകളിൽ നിന്ന് ചിറകുകൾ മറച്ചുപിടിച്ച് കോഴിയമ്മ കുഞ്ഞുങ്ങളെ സംരക്ഷിക്കും പോലെ സ്വന്തം സുഖങ്ങൾ മക്കളുടെ സന്തോഷത്തിനായി മാറ്റിവെക്കപ്പെട്ടും ജീവൻ തന്നെ മക്കൾക്കായി ത്യജിച്ച് വളർത്തി ഉയരങ്ങൾ കീഴടക്കാൻ പ്രാപ്തരാക്കി ഒടുവിൽ ആരോരുമില്ലാത്തവരായി മക്കൾ വീട്ടിൽ നിന്നും പടിയടച്ചു പിണ്ഡം വെച്ച ഏതാനും ചില അമ്മമാരും അച്ചമ്മാരും താമസിക്കുന്ന ഒരു മന്ദിരം നമ്മുക്കടുത്തുണ്ട്. അവിടെ ഇന്ന് ചെന്ന് സന്ദർശിക്കാം എന്നാ ടീച്ചറുടെ അഭിപ്രായത്തിന് മറിച്ചൊന്നും പറയാതെ ഞങ്ങൾ യാത്ര തിരിച്ചു.

തിരൂരിൽ നിന്നും ബസ്സ്

കയറി തവനൂരിൽ ചെന്നിറങ്ങി ബസ്സ്റ്റോപ്പിൽ നിന്നും റോഡ് ക്രോസ്സ് ചെയ്ത് നീങ്ങിയ ഞങ്ങൾ കണ്ടത് വൃദ്ധസദനം എന്ന് വെണ്ടക്കാക്ഷരത്തിൽ എഴുതിവെച്ച ഒരു വലിയ മഞ്ഞ ബോർഡ് ആയിരുന്നു. ടീച്ചറുടെ കയ്യും പിടിച്ച് അവിടേക്ക് കേറി ചെല്ലുമ്പോൾ മനസ്സുനിറയെ ആകാംക്ഷയായിരുന്നു. അമ്മമാർക്ക് ഒരു ദിവസത്തെ ഭക്ഷണം നൽകാനുള്ള ഉദ്ദേശത്തിലാണ് പോയത്. ചെന്ന് ഓഫീസിൽ കാര്യം അവതരിപ്പിച്ചു. അവർ ഓരോ റൂമുകളിലുമുള്ള അന്തേവാസികളുമായി സംവദിക്കാൻ അവസരം നൽകി. അങ്ങനെ ആദ്യ മുറിയിലേക്ക് വളരെ ആവേശത്തോടെ ഞങ്ങൾ കയറിച്ചെന്നു. ഞങ്ങൾ ഓരോരുത്തരുടെ അടുത്തുചെന്നിരുന്നു. വിശേഷങ്ങൾ പറഞ്ഞും ചോദിച്ചറിഞ്ഞും മുറിയായ മുറികൾ ഒക്കെ കയറി ഇറങ്ങി . അങ്ങനെ ഓരോരുത്തരുടെയും കഥകൾ കേട്ടറിഞ്ഞു. ചിലർ സന്തോഷത്തിലാണ്. ആ മന്ദിരത്തിൽ എന്തുകൊണ്ടും അവർ പൊരുത്തപ്പെട്ടിരിക്കുന്നു. മറ്റുചിലർ മൂകതയിലാണ്. അവർ ആയിടത്തെ ഭീകരമായാണ് നേരിടുന്നത്. അവർക്ക് ഞങ്ങളെ കാണുമ്പോൾതന്നെ കണ്ണുനിറയുന്ന അവസ്ഥ.

പക്ഷേ.... അവിടെ ഞാൻ കണ്ടത് യഥാർത്ഥ ഒരമ്മയുടെ സ്നേഹത്തെയാണ്. ഇത്രയൊക്കെ ആയിട്ടും മക്കൾക്ക് ഒരു കൂസലുമില്ല. സ്വന്തം പെറ്റമ്മയെ വീട്ടിൽ നിന്നും ആട്ടിയിറക്കിയിട്ടും പെറ്റമ്മയായ അവർക്ക് മക്കളെ കുറിച്ച് ഒരു കുറ്റവും പറയാനില്ല. സ്വയം മനസ്സിനെ പറഞ്ഞു ആശ്വസിപ്പിച്ചിരിക്കുകയാണ് ചിലർ. അതെല്ലാം കാണുമ്പോൾ ശരിക്കും പൊട്ടിക്കരയാൻ തോന്നും. ഒരു അമ്മയില്ലാത്തവനെ അതിന്റെ വില അറിയൂ. ഇത്രയും കാലം പോറ്റിവളർത്തിയ അമ്മയെ പെട്ടന്നൊരു ദിവസം വീട്ടിൽ നിന്നും ആട്ടിയിറക്കുന്ന ഓരോ മക്കളും ഓർക്കുക... ഭൂമിയിൽ ദിനംപ്രതി വൃദ്ധ മന്ദിരങ്ങൾ കൂടി കൊണ്ടിരിക്കുകയാണ്. ഇന്ന് നീ ചെയ്യുന്ന ഈ പാപം അത് നിന്റെ മക്കളിൽ നിന്നും നീ അനുഭവിക്കേണ്ടിവരും..! നാളെ നീയും ഒരു മന്ദിരത്തിലെ അന്തേവാസിയാകും...!



Ajith



# കലാലയം

പഠനം കഴിഞ്ഞ് പടിയിറങ്ങിയവരെല്ലാം
തിരിഞ്ഞു ഓടിക്കയറാൻ
പലപ്പോഴും തിടുക്കം കൂട്ടാറുണ്ട് ഉണ്ട്
പിടഞ്ഞെ ത്ര കയറിയാലും
പടവുകൾ തീരുന്നില്ല എന്നുമാത്രം !
അവസാന യാത്രക്ക് തൊട്ടു മുമ്പ് വരെ
പോയകാലത്തെയും
നഷ്ടപ്പെടുത്തിയതിനെയും
സ്വന്തമാ സ്വന്തമാക്കിയതിനെയും
കൂടെ കൂട്ടിയതിനുയും
എല്ലാം ഓർത്തെടുക്കാം ......
കാരണം ഒടുക്കാതെ
യാത്രയിൽ ഒറ്റയാനായി
മാത്രമേ മടക്കമുള്ളു ....
ഓർമ്മകൾ പോലും
അവിടം വരെ മാത്രം.....

KARMA UNION






Rasitha Kavungal

# കോവിഡ് തുള്ളൽ

തുള്ളൽ കഥയിൽ പലതും പാടാം
കുഞ്ചൻ നമ്പ്യാർ ചെയ്തൊരു കാര്യം.
അതു കേട്ടാർക്കും പരിഭവമരുതേ ....
ഉണ്ടെങ്കിലുമെനിക്കില്ലൊരു ചുക്കും.

ഭ്രാന്തൻ നായേക്കാളും ഭീഷണി...
നാട്ടിൽ കോവിഡ് കൊറോണയിതല്ലോ.
നായേക്കണ്ടാൽ മാറിപ്പായാം
കോവിഡിനെ നാം കാണില്ലല്ലോ.

അതിനൊരുപാധി നമുക്കുണ്ടല്ലോ,
ക്വാറന്റയിനും കൈ വാഷിങ്ങും.
കൂട്ടം കൂടി നടക്കരുതെന്ന്
കേൾക്കുമ്പോൾ കലിതുള്ളുവതെന്തേ.

ക്ഷമയും പക്വതയുള്ളവരല്ലേ
ക്ഷിതിയിൽ നല്ലതു വന്നീടാനായ്.
വഴികൾ പൂട്ടിക്കെട്ടിടുന്നത്
വയ്യാവേലികൾ പേടിച്ചല്ലേ.
ദൂരെ നിന്ന് വരുന്നവരെല്ലാം
അധികാരികളുടെ കല്പന കേൾക്കൂ .

അവനോനുള്ളൊരു രക്ഷയ്ക്കായി
ട്ടോരോന്നിങ്ങനെ ചൊല്ലുമ്പോഴും
കുട്ടിക്കളിയതു നല്ലതിനല്ല ,
വടിയേണം നാം തോന്ന്യാസങ്ങൾ.
കണ്ടും കേട്ടും തിരിയാത്തോർനാം
കൊള്ളാൻ വേണ്ടി, യിരക്കുകയാണോ?

രക്ഷപ്പെടുവാൻ സർക്കാർ വെക്കും
കല്പനയെല്ലാം കേട്ടീടേണം;
ധിക്കാരത്തിനു അടി വാങ്ങല്ലേ..
പെട്ടാൽ പിന്നെ രക്ഷയുമില്ല.

കേൾക്കുന്നപകട മണിനാദത്തെ
കേട്ടില്ലെന്നു നടിച്ചീടല്ലേ.
സ്വന്തം വീട്ടിലിരുന്നും കൊണ്ട്
അവനോന്മാരുടെ രക്ഷകരാകൂ.
തുള്ളൽ പട്ടിൽ പലതും ചൊല്ലാം...
കളവുകളില്ലിതിൽ പൊളികളുമല്ല.


Fathima
Hiba



# പുനർജ്ജന്മം

കാൻസർ എന്ന വാക്ക് കേൾക്കുമ്പോൾ തന്നെ മനസ്സിൽ മറ്റുള്ളവരെ ഭയപ്പെടുത്തി ഇറുക്കാൻ തയ്യാറായി നിൽക്കുന്ന ഞണ്ടിന്റെ രൂപമാണ്. ഒരുപക്ഷേ അനുഭവങ്ങൾ ഏൽപ്പിച്ച ആഘാതങ്ങളുടെ പ്രതീകമായി ഈ ചിത്രത്തെ കണക്കാക്കാം. കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണം ദേശിയ ശരാശരിയേക്കാൾ അധികമാണ്. കാൻസർ രോഗത്തെ കുറിച്ച് വ്യക്തമായ ധാരണയില്ലാത്ത ഒരു വ്യക്തി ആ രോഗം എന്നെ കാർന്നുന്നുണ്ട് എന്ന് അദ്ദേഹം ഭയം, നിരാശ എന്നിവയുടെ ചുഴിയിൽ പെട്ടിരിക്കും. അത് ആ വ്യക്തിയുടെ ജീവിതത്തെ തെറ്റിക്കാം. എന്നാൽ വ്യക്തമായ ധാരണയും അവബോധവും രോഗിയുടെ മനസ്സിനെ തളർത്താതെ രോഗത്തെ മറികടക്കാനും പുതിയ പ്രതീക്ഷ തുടക്കമിടാനുമുള്ള ആത്മധൈര്യം പകരുന്നു.

അനുഭവം ഗുരു എന്ന് പണ്ട് ആരോ പറഞ്ഞത് അന്വർത്ഥമാക്കിയതായിരുന്നു. ജീവിതത്തിൽ താളം പകർന്നിരുന്ന എന്നും താങ്ങും തണലും മായിരുന്നു ആ വ്യക്തിയുടെ വേർപാട് ജീവിതത്തെ ഇരുളടഞ്ഞ പ്രഭാതം പോലെയാക്കിമാറ്റി. പിന്നീട് ആ രോഗത്തിന്റെ പിടിയിലകപ്പെട്ടവർ നിരവധിയായിരുന്നു. അടുത്തിടപഴുകുന്നവരുടെ വേർപാടുകൾ എത്ര കാലം കഴിഞ്ഞാലും സമരണയിൽ നിന്ന് മാഞ്ഞുപോകില്ല എന്ന് കാൻസർ എന്ന ദുരന്തം തെളിയിച്ചു. കാൻസർ ചികിത്സിച്ചു മാറ്റാവുന്ന ഒരു രോഗമാണ് എന്ന പരസ്യബോർഡുകൾ ആശുപത്രി പരിസരത്തെ അലങ്കരിച്ച് നില്കുന്നത് കാണുമ്പോൾ എന്നീടെന്ത് ഇതിന്റെ പ്രിയപെട്ടവരുടെ ജീവിതത്തിൽ സാധ്യമായില്ല എന്ന ചോദ്യം ഇന്നും എന്റെ മനസ്സിന്റെ ഉൾത്താരകൾ മന്ത്രിച്ചുകൂടെയിരുന്നു.

അനുഭവങ്ങൾതന്നെയാണ് എന്നെ ഈ രോഗത്തെ കുറിച്ച് കൂടുതൽ അറിയണമെന്ന ചിന്തയിലെത്തിച്ചത്. കേരളത്തിൽ പ്രതിവർഷം അൻപത്തിനായിരത്തിലധികം പേർ ചികിത്സ തേടി എത്തുന്നുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കാൻസർ രോഗത്തെ പൂർണമായി കാർന്നു തിന്നുന്നു മദ്യപാനം, പുകവലി മറ്റ് ലഹരി വസ്തുക്കൾ, തെറ്റായ ഭക്ഷണരീതി എന്നിവ രോഗത്തിലേക്ക് തള്ളിവിടാനുള്ള പ്രധാനകാരണങ്ങളാണ്. കൃത്യതയോടെയുള്ള രോഗനിർണയവും ഫലപ്രദവുമായ ചികിത്സയും രോഗത്തെ പ്രതിരോധിക്കാൻ സഹായിക്കുന്നു. ഈ മേഖലകളിൽ ആധുനിക വൈദ്യശാസ്ത്രം വലിയ കുതിച്ചുചാട്ടം നടത്തി. കാൻസർസൊസൈറ്റിയുടെ ചിഹ്നമായ 'ഡാഫോഡിൽ' പുഷ്പം വസന്തത്തിന്റെ ആഗമനമറിയിച്ച് ഭൂമിയിൽ കിളിർത്ത് വരുന്നത് പോലെ പുനർജ്ജന്മം എന്നാവട്ടെ ഇനി നമ്മുടെ ലക്ഷ്യം.

# പ്രളയം വിഴുങ്ങിയ കേരളം



Misna

മഹാ പ്രളയം ഒന്നാകെ മുക്കി കളഞ്ഞ വർഷമായിരുന്നു 2018. 2018 ലെ മഹാ പ്രളയം വീണ്ടും നമുക്കൊരു ഓർമപ്പെടുത്തലാണ്. 1924 ലെ മഹാ പ്രളയത്തിന് ശേഷം ഏറ്റവും വലിയ വെള്ളപ്പൊക്ക ദുരന്തത്തിന് ആണ് നമ്മുടെ കേരളം സാക്ഷ്യം വഹിച്ചത്. ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ തെക്ക് പടിഞ്ഞാറൻ കാലവർഷ ക്കാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെത്തുടർന്ന് മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലും ഉണ്ടായി.

അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർധിപ്പിച്ചു. ചരിത്രത്തിൽ ആദ്യമായി 54 അണക്കെട്ടുകളിൽ 35 അണക്കെട്ടുകളും തുറന്നിടേണ്ടി വന്നു. 26 വർഷത്തെ ഇടവേളക്ക് ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ അഞ്ച് ഷട്ടറുകളും ഒരുമിച്ച് തുറന്നത്.കനത്ത മഴയിലും പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായി മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞിട്ടുണ്ട്.14 പേരെ കാണാതായി. കാലാവർഷം ശക്തമായ ഓഗസ്റ്റ് 21 ന് 3,91,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസ കഴിയേണ്ട അവസ്ഥയിൽ എത്തി കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രതാ മുന്നറിയിപ്പ് പ്രഖ്യാപിച്ചു. പ്രാഥമിക വിലയിരുത്തൽ പ്രകാരം ഏകദേശം 40,000 കോടി രൂപയുടെ നഷ്ടങ്ങൾ ആണ് കേരളത്തിൽ സംഭവിച്ചത്. പ്രളയത്തെ തുടർന്ന് ലോകമെമ്പാടുമായി വിവിധ രാജ്യങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നുമായി നിരവധി സഹായ വാഗ്ദാനങ്ങളാണ് കേരളത്തിന് ലഭിച്ചു കൊണ്ടിരുന്നത്.എന്നാൽ കേന്ദ്ര ഗവണ്മെന്റ് വിദേശ സഹായങ്ങൾ സ്വീകരിക്കാൻ വിമുഖത കാണിച്ചു. ഇത് രാജ്യമെമ്പാടുമായി കേന്ദ്ര ഗവണ്മെന്റിനെതിരെ വലിയ വിമർശനങ്ങൾക്ക് വഴി തെളിയിച്ചു.

**ദുരന്ത കാരണം:**

2018 ജൂലായ് ഓഗസ്റ്റിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് 2018 പ്രളയം ദുരന്തം സംഭവിച്ചത്. കനത്ത മഴയെ തുടർന്നാണ് കേരളത്തിലെ വിവിധ ജില്ലകൾ വെള്ളത്തിൽ അകപ്പെട്ടത്.മാത്രമല്ല പല മലയോര മേഖലകളിലും ഉരുൾപൊട്ടലുണ്ടായി. അണക്കെ





ട്ടുകളിലെ ജലനിരപ്പ് ഉയർന്നതോടെ ഷട്ടറുകൾ തുറന്നു വിട്ടതാണ് ആഘാതം ഉണ്ടാക്കാൻ കാരണമായത് എന്ന ആരോപണമാണ് പിന്നീട് ഉയർന്നത്. എന്നാൽ, കേന്ദ്ര ജല കമ്മീഷന്റെ റിപ്പോർട്ട് വന്നതോടെ ആരോപണങ്ങൾ ശെരിയല്ലന്ന് തെളിഞ്ഞു. കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകുന്നത് യഥാർത്ഥത്തിൽ ഡാമുകളിലേക്ക് ഒഴുകിയെത്തിയതിൽ ഒരു ഭാഗം മാത്രം പുറത്തേക്ക് തുറന്നു വിട്ടത്. ഒരു ഭാഗം ജലം ഡാമുകളിൽ പിടിച്ചു നിർത്തുകയും അത്രത്തോളം പ്രളയതിന്റെ രൂക്ഷത കുറക്കാനും സഹായകരമായി എന്നാണ് കേന്ദ്ര ജല കമ്മീഷന്റെ കണ്ടെത്തൽ.

അന്തർ സംസ്ഥാന അണക്കെട്ടുകളുടെ ഏകോപനമില്ലായ്മ, ഒട്ടനവധി മെഗാ വിസ്ഫോടങ്ങൾ, അന്തരീക്ഷത്തിലെ ന്യൂന മർദ്ദം എന്നിവയും ഈ പ്രളയത്തിന്റെ കാരണങ്ങളിൽ ചിലത് മാത്രമാണ്. ഭൂപ്രകൃതി പരമായി നിരവധി പ്രത്യേകതകൾ ഉള്ള സംസ്ഥാനമാണ് കേരളം. ഇങ്ങനെ ഉള്ള നമ്മുടെ സംസ്ഥാനത്തെ ഈ മഹാ പ്രളയം വളരെ മോശമായി ബാധിച്ചു. കേരളത്തിന്റെ ജന സാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 859 ആണെങ്കിൽ ദേശീയ ജന സാന്ദ്രത വെറും 382 ആണ്.അത് പോലെത്തന്നെ കേരളത്തിന്റെ ഏകദേശം പത്ത് ശതമാനം പ്രദേശങ്ങൾ എങ്കിലും സമുദ്ര നിരപ്പിന് താഴെ സ്ഥിതി ചെയ്യുന്നതിനോടൊപ്പം 41 നദികൾ അറബിക്കടലിൽ പതിക്കുന്നവയാണ്.ഈ നദികൾ എല്ലാം കൂടി ഏകദേശം 54 ജല സംഭരണികൾ എങ്കിലും നില നിൽക്കുന്നുണ്ട്. നിലക്കാതെ പെയ്ത മഴ വെള്ളത്തെ ഉൾകൊള്ളുവാൻ ഈ നദികൾക്കോ സംഭരണികൾക്കോ സാധിച്ചില്ല. ശാന്ത സമുദ്രത്തിൽ രൂപപ്പെട്ട ഷൻഷൻ, യാഗി എന്നീ ചുഴലിക്കാറ്റുകളും കേരളത്തിലെ കനത്ത മഴയെ സ്വാധീനിച്ചിരുന്നു എന്ന് കാലാവസ്ഥ നിരീക്ഷകർ അഭിപ്രായപ്പെടുന്നു.

ഈ പ്രകൃതി ദുരന്തം പരിസ്ഥിതി ശാസ്ത്രജ്ഞൻ പ്രൊഫസർ മാധവ് ഗാഡ്ഗിലിനെയും അദ്ദേഹത്തിന്റെ ഗാഡ്ഗിൽ റിപ്പോർട്ടിനെയും വീണ്ടും ജന ശ്രദ്ധയിൽ എത്തിച്ചു. പാരിസ്ഥിതിതിക നാശം മൂലമുണ്ടാകുന്ന പ്രതിഭാസം കൂടി പ്രളയ കാര്യങ്ങളിൽപ്പെടുത്തവുന്നതാണ് .ഇടുക്കിയിൽ ജല നിരപ്പ് ഉയർന്നിട്ടും ഷട്ടറുകൾ തുറക്കാൻ വൈകിയതാണ് പെരിയാറിന്റെ തീരങ്ങളെയും കൊച്ചി നഗരത്തിന്റെ ഭാഗങ്ങളെയും പൂർണമായി ജലത്തിനടിയിൽ ആക്കിയത് എന്ന ആരോപണം ഉണ്ട്. തമിഴ്നാടിന്റെ നിയന്ത്രണത്തിൽ ഉള്ള അപ്പർശോളയാർ പറമ്പിക്കുളം ഡാമുകളിലെ ഷട്ടറുകൾ തുറക്കുന്ന വിവരം യഥാസമയം കേരളം അറിയാതെ പോയതും വെള്ളപ്പൊക്കത്തിന്റെ ആഘാതം കൂട്ടാൻ മറ്റൊരു കാരണമായി ഷട്ടറുകൾ തുറന്നു വിട്ടപ്പോൾ ജലം കുത്തിയൊഴുകി വീടുകൾ തകർന്നും മറ്റും ദുരന്തത്തിലായത് ഏഴ് പഞ്ചായത്തിൽ ഉള്ളവരാണ്

കേരളത്തിൽ 2018 ൽ ഉണ്ടായ മഹാ പ്രളയത്തിന് കാരണം അണക്കെട്ടുകൾ തുറന്നത് കൊണ്ടല്ല എന്നും മറിച്ച് കേരളത്തിൽ പെയ്ത അതിതീവ്രമായ മഴയുടെ ഭാഗമായി അണക്കെട്ടുകളിൽ ഒഴുകി വന്ന ജലനിരപ്പിന്റെ ഒരു ഭാഗം മാത്രമേ തുറന്നു വിട്ടിട്ടോളു എന്ന് കേന്ദ്ര ജലകമ്മീഷൻ അവരുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട് അതിനാൽ ഡാമുകൾ തുറന്നു വിട്ടതാണ് കേരളത്തിൽ ഉണ്ടായ പ്രളയത്തിന് കാരണം എന്ന തെറ്റിദ്ധാരണ മൂലമുണ്ടായ ആരോപണങ്ങളുടെ മുനയൊടിക്കുന്നതാണ് കേന്ദ്ര കമ്മീഷന്റെ റിപ്പോർട്ട്.



Safeer
Parayil

# കൊറോണ പഠിപ്പിച്ച പാഠങ്ങൾ

‘ദൈവത്തെ വിളിക്കാൻ
അമ്പലത്തിലും ’പള്ളിയിലും
പോകണമെന്നില്ല ‘
‘വിവാഹം നടക്കാൻ
ആൾക്കൂട്ടമോ സദ്യയോ
വേണമെന്നില്ല . ‘
‘ആഹാരവും പാർപ്പിടവും മതി
ഒരു മനുഷ്യന് ജീവിക്കാൻ’



Annapoorna

# ആലപ്പാട് മറഞ്ഞുപോകും സമ്പത് സമൃദ്ധി

കണ്ടുകൊണ്ടിരിക്കെ ഓരോ ദിവസവും കടൽ വിഴുങ്ങുകയാണ് ആലപ്പാട് ഗ്രാമത്തെ. അൻപതുവർഷത്തിലേറെയായി നടക്കുന്ന നിരന്തര ധാതു മണൽ ഖനനത്തിന്റെ. പാരിസ്ഥിതിക ദുരന്തമാണ് അവിടെത്തെ ജനതയും ഗ്രാമവും നേരിടുന്നത്. പടിഞ്ഞാറ് അറബിക്കടലിനു, കിഴക്ക് കൊല്ലം കോട്ടപ്പടി (കോട്ടപ്പുറം ) ദേശീയ ജലപാതക്കുമിടയിൽ ഏറെ നേർത്തുപോയിരിക്കുന്നു കൊല്ലം ജില്ലയിലെ ഈ തീരദേശം പഞ്ചായത്ത്.



ജലസ്രോതസ്സുകളും, തണ്ണീർപാടങ്ങളും, കൊയ്ത്തുപാടങ്ങളും, നിറഞ്ഞതായിരുന്നു പശ്ചിമ തീരത്തെ ആലപ്പാട്. കരുനാഗപ്പള്ളി ക്കും ഓച്ചിറക്കും ഇടയിൽ തെക്ക് വെള്ളനാതുരുത്ത് മുതൽ വടക്ക് അഴീക്കൽ വരെ 17 കിലോമീറ്റർ ദൂരമുണ്ട്. മൂന്ന് മുതൽ അഞ്ച് കിലോമീറ്റർ വരെ വീതിയുണ്ടായിരുന്ന തീരം ഇപ്പോൾ 20 മുതൽ 300 മീറ്റർ വരെയായി ചുരുങ്ങി. ശുദ്ധജലത്തിന് സ്വയം പര്യാപ്തമായിരുന്നു ഇവിടം. എങ്കിൽ ഇപ്പോൾ ഒരു തുള്ളി ശുദ്ധജലം കിട്ടാനില്ല.

1965 മുതൽ പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡാണ് (IRE) ഇവിടെ കരിമണൽ ഖനനം നടത്തുന്നത്. 1955ലെ സർവ്വേയിൽ 89.1 ചതുരശ്ര കിലോമീറ്റർ വിസ്തൃതി ഉണ്ടായിരുന്ന ഭൂപ്രദേശം ഇപ്പോൾ 7.5 ചതുരശ്രകിലോമീറ്റർ ആയി ചുരുങ്ങി. മൂന്നര കിലോമീറ്റർ വീതി ഉണ്ടായിരുന്ന ജന പ്രദേശമായ വെള്ളനാതുരുത്ത് ഇപ്പോൾ കടലും കായലും ഒന്നിക്കാൻ 20 മീറ്റർ അകലെ മാത്രമാണ് അവശേഷിക്കുന്നത്. 2000 ഏക്കറോളം ഭൂമി കടലായി. 6500 കുടുംബങ്ങളാണ് ഇവിടെ അവശേഷിക്കുന്നത്. വെള്ളനാതുരുത്ത് വാർഡിലെ 82 ഏക്കറിലാണ് ഇപ്പോൾ IRE ഖനനം നടത്തുന്നത്. മറ്റു വാർഡുകളിലും IRE, ഈ സ്ഥലം വാങ്ങിയിട്ടുണ്ട്. സുനാമി ഏറ്റവുമധികം ബാധിച്ചത് ഈ തീരത്തായിരുന്നു. കഴിഞ്ഞ കേരളപ്പിറവി ദിനത്തിൽ ഗ്രാമത്തെയും ജനതയുടെയും നിലനിൽപ്പിനായി ജനകീയ സമിതി രൂപവൽക്കരിച്ച് ചെറിയഴീക്കൽ സത്യാഗ്രഹം ആരംഭിച്ചു. ' സേവ് ആലപ്പാട് സ്റ്റോപ്പ് മൈനിംഗ്' എന്ന മുദ്രാവാക്യമുയർത്തി ആരംഭിച്ച സമരം 75 വർഷം പിന്നിട്ടു. ഖനനം തുടർന്നാൽ ദേശീയ ജലപാത ഇല്ലാതാവുകയും ഓണാട്ടുകര മുതൽ അപ്പർകുട്ടനാട് വരെയുള്ള കാർഷിക ജനവാസ മേഖലകളിലേക്ക് കടൽവെള്ളം ഇരച്ചുകയറും എന്നും സമരസമിതി ചൂണ്ടിക്കാണിക്കുന്നു.

# കാൽപന്തിന്റെ ഉൽപത്തി



Muhassir



മനുഷ്യൻ എന്നുമുതലാണ് പന്ത് തട്ടി തുടങ്ങിയത്. മനുഷ്യനും ഉരുളുന്ന പന്തും ഉള്ള ബന്ധമെന്താണ്? ഈ ചോദ്യത്തിന് ഉത്തരം തേടിയാൽ നാം ഇന്ന് കാണുന്ന ഫുട്ബോളിൽ നിന്ന് ആയിരകണക്കിന് വർഷം പിറകോട്ട് പോകേണ്ടിവരും. കാലുകൊണ്ട് പന്ത് തട്ടുന്ന കളി ക്രിസ്തുവിന് മുന്നാം നൂറ്റാണ്ടിനും രണ്ടാം നൂറ്റാണ്ടിനുമിടയിൽ ചൈനയിൽ നിലവിലുണ്ടായിരുന്നതിന് ശാസ്ത്രീയമായ തെളിവുകളുണ്ട്. 1815 ൽ ഈറ്റൺ പബ്ലിക് സ്കൂളാണ് ഫുട്ബോളിന് ആദ്യമായി നിയമം തയ്യാറാക്കിയത്. പിന്നീട് റഗ്ബി വിൻജെസ്റ്റർ, ചെസ്റ്റർഷെയർ, ഹാരോവ് വെസ്റ്റ് മിനിസ്റ്റർ പബ്ലിക് സ്കൂളുകളും നിയമം തയ്യാറാക്കി.

1848 ൽ കളിക്ക് പൊതുനിയമാവലി തയ്യാറാക്കുന്നതിനായി കംബ്രിഡ്ജ് സർവകലാശാല പബ്ലിക് സ്കൂളുകളുടെ യോഗം വിളിച്ചുകൂട്ടി. ആദ്യകാലത്തെ കളിയെ കാൽപന്തുകളി എന്ന് വിശേഷിപ്പിക്കാനാവില്ല. കാരണം ചിലർ കൈ കൊണ്ട് പന്ത് തട്ടി ലക്ഷ്യത്തിലെത്തിച്ചിരുന്നു. ഇപ്പോൾ പന്തിനെ നീക്കാൻ കാൽ, നെഞ്ച്, പുറം, ചുമൽ എന്നിവ ഉപയോഗിക്കാമായിരുന്നു. കൈ കൊണ്ട് പന്ത് തൊടാൻ അനുവദിച്ചിരുന്നില്ല. പിന്നീട് 500 വർഷങ്ങൾക്ക് ശേഷം ജപ്പാനിൽ കെമാരി (Kemari) എന്ന പേരിൽ മറ്റൊരു കളിരൂപം പിറവിയെടുത്തു. കളിക്കാൻ ചെറിയൊരു വട്ടത്തിൽ നിന്ന് പന്ത് നിലത്തു വീഴാൻ അനുവദിക്കാതെ കാലുകൊണ്ട് പരസ്പരം പാസ്സ് ചെയ്യുന്ന ഈ കളി ഇന്നും നിലനിൽക്കുന്നുണ്ട്.

നൂറ്റാണ്ടുകൾക്ക് മുമ്പ് വ്യക്തമായ നിയമങ്ങളോ ചട്ടങ്ങളോ ഒന്നുമില്ലാതെ നൂറുകണക്കിനാളുകൾ കിലോമീറ്ററുകൾ നീളമുള്ള മൈതാനത്തും പാതകളിലും പന്ത് കളിച്ചിരുന്നതായി ചിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പന്നിയുടെ മൂത്രസഞ്ചിയിൽ കാറ്റോ മറ്റെന്തെങ്കിലും വസ്തുക്കളോ നിറച്ചതായിരുന്നു അവരുടെ പന്ത്. ഇന്നത്തെ ഈ കാലത്ത് കാൽപന്ത് കളി എല്ലാ യുവാക്കളുടെയും കൗമാരക്കാരുടെയും കുട്ടികളുടെയും എല്ലാം ഒരു ആവേശമായി തീർന്നിരിക്കുന്നു. ഈ കളി വിവിധ മത്സരങ്ങൾക്കും വഴിയൊരുക്കുന്നു. ഇന്ന് എല്ലാ ആളുകൾക്കും കാൽ പന്ത് കളിയെ കുറിച് വ്യക്തമായ ധാരണയുണ്ടായിരിക്കും. ഇന്നത്തെ ആളുകൾ ഇത് ഒരു വ്യായാമമായും മത്സരമായും ഇതിനെ കാണുന്നു.



Nisamudheen
Ahsanani. K.K



# അതിജീവനം നമുക്ക് അപ്പുറമല്ല

ഭൂമിയുടെയും മനുഷ്യന്റെയും ചരിത്രം അതിജീവനത്തിന്റെ കരുത്തുറ്റ കഥ പറഞ്ഞുതരും. ഭൂമിയിൽ ഒരാളും ശാശ്വതരല്ല. ജീവൻ സന്തുഷ്ടമാക്കാൻ ആയുസ്സ് അവസാനിക്കുവോളം പോരാടിയേ മതിയാകൂ. പ്രകൃതി ദുരന്തങ്ങളോട്, പട്ടിണികളോട്, തൊഴിലില്ലായ്മകളോട്, നിരക്ഷരതയോട്, രോഗങ്ങളോട്, അസമത്വങ്ങളോട്, അനീതിയോട്... അങ്ങനെ നീളുന്നു പോരാട്ടപ്പട്ടിക. അനാവശ്യ പോരാട്ടങ്ങൾ അനർത്ഥങ്ങൾ ആണുണ്ടാക്കുക. വലിയ നാശ നഷ്ടങ്ങൾ ഉണ്ടാകും. ഒരേ വംശമാണ് മനുഷ്യൻ. ലോകത്തുള്ള മനുഷ്യരെല്ലാം ഈ ഒറ്റ വംശത്തിന്റെ കണ്ണികളാണ്. പരസ്പരം ആശ്രയിച്ചും ആദരിച്ചും സ്നേഹിച്ചും സഹകരിച്ചും കഴിയേണ്ടവർ. ഈ വിശാല മനസ്കതയാണ് മനുഷ്യവംശ നിലനിൽപിന്റെയും അതിജീവനത്തിന്റെയും അടിക്കല്ല്.

ജനനം കൊണ്ട് എല്ലാവരും ശുദ്ധരാണ്. മാഹാത്മ്യമുള്ളവരാണ്. ഒരു മാതാവിന്റെയും ഗർഭപാത്രം അശുദ്ധമല്ല. പിതാവിന്റെ ബീജവും അശുദ്ധമല്ല. ബീജാണ്ഡ സങ്കലനത്താൽ രൂപപ്പെടുന്ന ഭ്രൂണവും ഗർഭസ്ഥ ശിശുവിലേക്ക് നിശ്ചിത സമയത്തു സന്നിവേശിപ്പിക്കുന്ന ആത്മാവും ജീവനും ഒരിക്ക

ലും അശുദ്ധങ്ങളല്ല.ഓരോരുത്തരും പിറക്കുന്നത് ശുദ്ധ പ്രകൃതിയോടെയാണ്. ഒരായിരം കഴിവുകളോടെയാണ്. ജന്മസിദ്ധമായ ഈ കഴിവുകളെ, നമ്മുടെ ജീവിത പരിസരങ്ങൾക്കനുസരിച്ചു വികസിപ്പിച്ചെടുക്കണം. വളർച്ചയുടെ ആദ്യ ഘട്ടത്തിൽ മാതാപിതാക്കളും, കുറച്ച് കഴിഞ്ഞാൽ സ്വന്തമായും കുറച്ച് കൂടെ വളർന്നാൽ വിവിധ സമൂഹവും നമ്മുടെ കഴിവുകളെ വളർത്തുന്നു. ഈ ഘട്ടങ്ങളിലൊക്കെ ജന്മശുദ്ധി നിലനിർത്താനുള്ള പോരാട്ടം നമ്മിലുണ്ടാവണം. സൃഷ്ടികൾ നന്നായി വളരാൻ പോരാട്ടം (അതിജീവന യുദ്ധം) ഒരായുധമാണെന്ന് സ്രഷ്ടാവ് നിശ്ചയിച്ചതിനാലാണ് നമ്മുടെ വില്ലനായി പിശാചിനെ വെച്ചത്. പ്രതിപക്ഷമില്ലാത്ത സമൂഹം അധാർമികളായി അധഃപതിക്കും.എനിക്ക് ഒരു ശത്രുവുമില്ല എന്ന് ധരിച്ചു നടക്കുന്നവന്റെ ശരിയായ ശത്രു അവൻ തന്നെയാണ്.ജീവിത ലക്ഷ്യം നഷ്ടപ്പെടാനും വളർച്ച മുരടിക്കാനും ഈ മറയ ചിന്ത കാരണമാകും. നാം മെല്ല സോണിൽ ഇരിക്കേണ്ടവരല്ല. മുന്നേറ്റ പാതയിലെ പ്രതിബന്ധങ്ങളെ അതിജയിക്കേണ്ടവരാണ്.ആദ്യമായി മണ്ണിനടിയിലെ ജലസംഭരണി കണ്ടെത്തിയവർ, അതിനുള്ള ശ്രമം, ഏതാനും മണ്ണും പാറക്കല്ലുകളും തടസ്സം സൃഷ്ടിക്കുമ്പോഴേക്ക് ഉപേക്ഷിരുന്നുവെങ്കിൽ ഇന്ന് 'കിണറുകൾ'ഉണ്ടാകുമായിരുന്നോ?! മനുഷ്യ ജീവിതത്തിൽ ഗവേഷണപോരാട്ടങ്ങൾ നടക്കുന്നില്ലെങ്കിൽ, നാം പക്ഷികളെയും മൃഗങ്ങളേയും പോലെ വികസനം ഇല്ലാത്തവരായി നിലനിൽക്കേണ്ടി വരുമായിരുന്നു. ഗവേഷണങ്ങളിലൂടെ നാം ആർജ്ജിച്ചു കൊണ്ടിരിക്കുന്ന ഉത്തരങ്ങൾ,അനുസ്യൂത ജീവിതത്തിൽ രൂപപ്പെട്ടുകൊണ്ടേയിരിക്കുന്ന പുതിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനുള്ള വഴികൾ കൂടിയാണെന്ന ചിന്തയാണ് നിരന്തരം നമ്മെ പോരാട്ടം തുടരാൻ പ്രചോദിപ്പിക്കുന്നത്. സാങ്കേതിക വിദ്യയിൽ എല്ലാം തികഞ്ഞു, അവസാന പോയിന്റിൽ ആണ് നാം ഉള്ളത് എന്ന ചിന്ത മൗഢ്യമാണ്. 'സാങ്കേതിക പുരോഗതി'യെ നീണ്ടുനീണ്ടു പോകുന്ന ഒരു രേഖയായി കുട്ടിയാൽ, ഇപ്പോൾ നാം ഏത് പോയിന്റിൽ ആണുള്ളത് എന്ന് നോക്കുക. ഒന്ന് മുതൽ ആ അനന്തമായ സംഖ്യാ പോയിന്റുകൾ ഉള്ള ആ രേഖയിൽ നാം ഇരുപത്തിഒന്നിൽ ആണെന്ന് സങ്കല്പിച്ചാൽ മനുഷ്യ വംശത്തി ന് എത്തിച്ചേരേണ്ട പരമാവധി പുരോഗതി എത്രയാണ്? ആർക്കുമറിയില്ല!! പരമാവധി നിർണയിക്കാനാവാത്ത പുരോഗതിയാണ് ഭാവിയിലേക്ക് നീണ്ടു കിടക്കുന്ന മനുഷ്യവംശം നേടിയെടുക്കേണ്ടത്. ദൈവം, ഇങ്ങനെ നിർണയാതീതമായി കുറെ കാര്യങ്ങൾ മനുഷ്യർക്ക് മുന്നിൽ വെച്ചിട്ടുണ്ട്. പോരാടി നേടിയെടുക്കാൻ വേണ്ടിയാണത്. എല്ലാരും പോരാടാൻ വേണ്ടി.അല്പം പോരാട്ടചിന്ത യുള്ളവർക്ക് കുറഞ്ഞ പുരോഗതി യാണുണ്ടാവുക. സസ്യങ്ങളെ നോക്കുക. അവ ജനിക്കുന്നതും വളരുന്നതും മരിക്കുന്നതും ഒരേ സ്ഥലത്ത് ഒരേ മണ്ണിൽ. എന്നിട്ട് പോലും അവയ്ക്ക് യോജിച്ച തരത്തിൽ അതിജീവനം സാധിച്ചെടുത്തിട്ടാണ് നമുക്ക് അവ ഫലങ്ങൾ നൽകുന്നത്. അവ സഞ്ചരിക്കുന്നില്ല,വളരെ അകലങ്ങളിലേ ജയ സാധ്യതകൾ കണ്ടെത്തുന്നില്ല. പക്ഷെ, ആ സാധ്യമായ പോരാട്ടങ്ങളിലൂടെ അവയുടെ വേരുകൾ യാത്ര പോകുന്നുണ്ട്. ഉടൽ നിന്നേടത്തു നിൽക്കുകയും, പരിമിതികൾക്കുള്ളിൽ, ലക്ഷക്കണക്കിന് വേരുകൾ ജീവനം തേടി, പോഷക കളെ ഉടലിലെത്തിക്കുകയും ചെയ്ത്, പതിറ്റാണ്ടുകൾ കൊണ്ട് വന്മരങ്ങളായി മാനുഷർക്കുള്ള ഫർണിചറുകളായി അവ മാറുന്നു.

സ്വതന്ത്രരായി ദൂരെ ദൂരങ്ങളിൽ സഞ്ചരിച്ചു നേട്ടം കൊയ്യാൻ, കൈകാലുകൾ മണ്ണിൽ ആഴ്ത്താതെ സ്വതന്ത്രമാക്കി തന്ന ദൈവത്തിനു നന്ദി പറയുക. എന്നിട്ടും, ലക്ഷ്യം മറന്നു മടിയൻമാരായി നമ്മൾ കുത്തിയിരുന്നാൽ എന്തിനു കൊള്ളും. വളക്കാനും നിവർത്താനും എന്തിനും സൗകര്യമുള്ള ശരീരമുണ്ടായിട്ടും അതിജീവനത്തിന്റെയും പോരാട്ടത്തിന്റെ മൂല്യമറിയാതെ ജീവിതം നഷ്ടപ്പെടുത്തുന്നവരാണ് യഥാർത്ഥത്തിൽ, ഡാർവിന്റെ പൂർവ്വ പിതാക്കളായ കുരങ്ങന്മാർ!



Farshida
Thesni



# പ്രകൃതിതൻ നൊമ്പരം

കാടും കേഴുന്നു കണ്ണീർ വാർക്കുന്നു
കാലത്തിന്റെ കാട്ടാളകൂട്ടത്തിന്
കഴുവേറ്റിയ ജന്മമെന്നോർത്ത് തേങ്ങുന്നു
മണ്ണിന്റെ ഭാരവും വിണ്ണിന്റെ ദാഹവും
മിന്നോളം അറിയിച്ചില്ല
കാട്ടാളക്കൂട്ടമേ....... നിങ്ങളറിയും
കഴുവേറ്റപ്പെട്ടത് ആത്മമിത്രമെന്ന്
മണ്ണും ജലവും കനിഞ്ഞ പ്രകൃതിക്ക്
മലിനമായ് കാറ്റിന്റെ കണ്ണുമശ്വസ്തം
മണ്ണിന്റെ സ്ഥാനവും ഇന്നിതാ നഷ്ടം
മണ്ണിന്റെ കണ്ണീരായി മഴയോ വന്നില്ല
പുഴയുടെ കണ്ണീരും കാണാനില്ല
എല്ലാം തിരിച്ചറിയുന്ന കാലമടുത്തു നീ
അറിയും മനുഷ്യ ഭൂമിതൻ നൊമ്പരം
കാലം തെറ്റിയ കോലാഹലങ്ങൾക്ക്
സാക്ഷിയായി നിന്നെ ഞാൻ നോക്കി നിൽക്കും
അക്ഷമയിൽ നിശ്ചലനായി നീ വാഴ്ത്തുകൾ നേരും
കാടിനെ ഓർത്തു നീയും കരഞ്ഞിടും
കണ്ണീരിനാൽ കൈകൾ കഴുകി തൊഴുതുനിന്നീടും



Soumya



# കൊറോണയ്ക്ക് ഒരു കത്ത്

പ്രിയപ്പെട്ട കൊറോണ,

പ്രിയപ്പെട്ട എന്ന് വിളിച്ചതിൽ തെറ്റിദ്ധരിക്കരുത് ലോക്ക് ഡൌൺ ഒക്കെ തുടങ്ങിയപ്പൊ" ഹാവൂ സമാധാനമായല്ലോ ഇനി കോളജിൽ പോണ്ടല്ലോ അവധിയാണല്ലോ എന്നായിരുന്നു, എന്നാൽ ഇപ്പോഴോ നീയൊരു വില്ലൻ ആയി ലോകം മുഴുവൻ നിന്റെ കുഞ്ഞുങ്ങൾ പെറ്റു പെരുകിയില്ലേ വെറും വൈറസ് ആയ നിനക്ക് എന്തറിയാം മനുഷ്യൻമാരെ കുറിച്ച്? അവരുടെ ജീവിതത്തെ കുറിച്ച് സന്തോഷങ്ങൾ സങ്കടങ്ങൾ.

ഇനി എന്റെ കാര്യം പറയാല്ലോ ഞാൻ ഇവിടെ വൻ ശോകം അടിച്ചിരിപ്പാണ്, എല്ലാത്തിനും കാരണം നീയാണ് നിന്നെ എന്റെ കയ്യിലെങ്ങാൻ കിട്ടിയാൽ വല്ല സൈനൈഡ് തന്നു കൊന്നേനെ കഴിഞ്ഞ മാർച്ചിൽ പടിയിറങ്ങിയതാ കോളേജിൽനിന്ന് കൂട്ടുകാരുമൊത്ത് കേറിയിറങ്ങിയ കോണിപടികൾ കാന്റീനിലെ കളിതമാശകൾ ചിരിച്ചും ചിന്തിച്ചും ഉറങ്ങി തീർത്ത ക്ലാസ് മുറികൾ ശോ!!!!!!! ആലോചിക്കുമ്പോൾ തന്നെ സങ്കടം വരുന്നു ഇപ്പോ മുഴുവൻ മെസ്സേജ് കളും സ്റ്റാറ്റസുകളും ആയി ഫുൾ ഡാർക്ക്, ചങ്ക് ചങ്ങായിമാർ സ്റ്റാറ്റസ് വ്യൂവേഴ്സ് ആയി , പലയിടത്തും കൺടൈൻമെന്റ് സോൺ ആണ് മതിയായില്ലേ കോറോണേ........ ഇനിയെങ്കിലും????? നിന്നെ എന്തായാലും വെറുതെ വിടില്ല ഞങ്ങൾ എല്ലാവരും ഒറ്റകെട്ടായി നിന്ന് നിന്നെ സാനിറ്റൈസറിൽ മുക്കി കൊല്ലും, മാസ്ക്കിൽ ശ്വാസം മുട്ടിക്കും, നിന്നെ തുരത്തും

ഇനിയും ഉണ്ട് ഒരുപാടെഴുതാൻ എന്ത് ചെയ്യാനാ ഓൺലൈൻ ക്ലാസ്സ്.

# ESPERANTO



**Binishree PK**




When she is a sleep...not a camfal
one though but braly the long time..
There is afraid, fear loneliness and strangeness
We are on a conflict we all love to cope...
yet there is hope
One day the sun will shine more bright...
and the cloud will turn more clear as water..
The hope that the nightingale will sing again...
and we will cheer at each other..
Quickly we realised that wealth is not that valuable,
and strength is that powerful...

So bring on and stay!!!



# MALASIAN DIARY

# AN EXPERIENCE OF MY MALASIAN TOUR



Noufal Nahan. K.K

കാലം പറഞ്ഞു തീർത്ത കലാലയസ്മരണകൾക്ക്  മുതൽക്കൂട്ട് എന്ന് തന്നെ വിശേഷിപ്പിക്കാവുന്ന ഒന്നായിരുന്നു ആ യാത്ര.  ആദ്യം തെന്നെ കുറച്ചു പേർക്ക് കടപ്പാട് അറിയിക്കാൻ ഉണ്ട് ,കാലിനു വയ്യാതെ ആയിട്ടും ഞങ്ങളുടെ കൂടെ ടൂർ വന്ന ഞങ്ങളുടെ എച്ച്.ഒ.ഡി , ഫാദർ ഷോജിക്കും ഞങ്ങൾക്ക് സപ്പോർട്ട് തന്ന സൗമ്യ ടീച്ചറിനും മാനസ് സാറിനും ഒത്തിരി നന്ദി. ഡിഗ്രിയുടെ സമ്മർദ്ദങ്ങൾക്ക് വിട നൽകി പിജിയുടെ കടിഞ്ഞാണിൽ തള്ളി നീക്കുന്ന കാലം ടൂർ ചർച്ചകൾ തകൃതിയാ







യി നടക്കുന്നുണ്ട്. ഞങ്ങളുടെ സീനിയർസ് എല്ലാവരും പോയത് നാഷണൽ ടൂർ ആയിരുന്നു ഇന്ത്യ മൊത്തത്തിൽ ഒന്ന് കാണാൻ. പക്ഷെ ഞങ്ങളുടെ കൂടെ ഉള്ള ഭൂരിഭാകവും നാഷണൽ ടൂർ പോയവരാണ് ഡിഗ്രിക്കുപഠിക്കുമ്പോൾ. അവസാനം എല്ലാവരും ചർച്ചചെയ്തു ഒരു ഇന്റർനാഷണൽ ടൂറിനു വഴി ഒരുങ്ങി. അടുത്ത പ്രശ്നം ടൂർ ബജറ്റ്ആയിരുന്നു, എല്ലാവരുടേം അവസ്ഥ മനസ്സിലാക്കിയ ഞങ്ങളുടെ അധ്യാപകർ മലേഷ്യ മുന്നിൽ വെച്ച് തന്നു. മലേഷ്യആയിരുന്നു തമ്മിൽ ഭേദം ഞങ്ങളുടെ ബജറ്റ് വെച്ച് നോക്കുമ്പോ!!

അങ്ങനെ മലേഷ്യ ഞങ്ങൾ ഉറപ്പിച്ചു, അപ്പോഴാണ് ഞങ്ങൾ ഇന്റർനാഷണൽ യാത്രക്ക് പാസ്പോർട്ട് നിർബന്ധമാണല്ലോഎന്ന കാര്യം ഓർത്തത് , കൂടെ ഉള്ളവർ കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ളവർ ആയിരുന്നു മലപ്പുറം, കാസർഗോഡ് ,കണ്ണൂർ, കൊല്ലം,തിരുവനതപുരം. എല്ലാവരും പെട്ടെന്ന്പാസ്സ്പോർട്ടിന് അപേക്ഷിച്ചു പെട്ടെന്ന് തന്നെ എല്ലാവര്ക്കും പാസ്പോര്ട്ട് കിട്ടി. അടുത്തതുആയി ഫ്ളൈറ്റ് ടിക്കറ്റ് ബ്ലോക്ക് ചെയ്യാൻ ട്രാവൽ ഏജൻസി ഞങ്ങളുടെ ഡീറ്റെയിൽസ്തിരക്കി ,അതിനു ശേഷം ഞങ്ങൾ വിസക്ക്വേണ്ടി അപ്ലൈ ചെയ്തു . ഇ വിസക്കുആയിരുന്നു കൊടുത്തിരുന്നത്. അങ്ങനെഎല്ലാം ഒത്തു വന്നു ഞങ്ങൾ ഫെബ്രുവരി 21-2017 നു കൊച്ചി വിമാനത്താവളത്തു നിന്നും എയർ ഏഷ്യ യുടെ വിമാനത്തിൽ മലേഷ്യക്കു പറന്നു !

എന്റെ ആദ്യത്തെ വിമാന യാത്ര ആയിരുന്നു ഈ ട്രിപ്പ്. ഞങ്ങൾ രാവിലെ ഏകദേശം 6 മണിക്ക് KL-1A 2 Kulalampur അന്താരാഷ്ട്ര വിമാനത്താവളത്തിൽ ലാൻഡ് ചെയ്തു. ഞമ്മുടെ കൊച്ചി വിമാനത്താവളുമായിതാരതമ്മ്യം ചെയ്താൽ ഗഘലകഅ 2 ഒരു സംഭവം തന്നെ ആണ്, കുറെ ടെർമിനലുകൾ, ഡ്യൂട്ടിഫ്രീ ഷോപ്പ്സ്, etc

ഫ്രഷ്അപ്പ് ഒക്കെ വിമാനത്താവളത്തിൽ നിന്ന് തന്നെ ചെയ്തു ഞങ്ങൾ പുറത്തു ഇറങ്ങി ഞങ്ങളുടെ ടൂർ ഓപ്പറേറ്ററെ കണ്ടു പിടിച്ചു, കക്ഷി ഒരു പഞ്ചാബി സിംഗ് ആയിരുന്നുമലേഷ്യയിൽ സ്ഥിരതാമസക്കാരൻ ആണ്.ആദ്യം ഞങ്ങൾ പോയത് ബ്രേക്ക്ഫാസ്റ്റ്കഴിക്കാൻ ആയിരുന്നു, എല്ലാവരും സിംഗിന്റെ കൂടെ കോച്ചിൽ കേറി ഒരു ഇന്ത്യൻറെസ്റ്ററന്റിലേക്. അവിടെ എത്തിയപാടെ റെസ്റ്ററന്റ്കാർ ഹിന്ദി സോങ് പ്ലേയ് ചെയ്യാൻ തുടങ്ങി, ഞങ്ങൾ ഇന്ത്യക്കാർ ആയതിനാലാകാം. ഏതായാലും ഞങ്ങൾ ബ്രേക്ക് ഫാസ്റ്റ് കഴിച്ചു നേരെ അട്രാക്ഷൻസ് കാണാൻ വീണ്ടും കോച്ചിൽ കേറി. ഞങ്ങളാദ്യം പോയത് പുത്രജയ എന്ന സ്ഥലത്തെക്കായിരുന്നു.

പുത്രജയ ഒരു ആസൂത്രിത നഗരവുംമലേഷ്യയുടെ ഫെഡറൽ അഡ്മിനിസ്ട്രേറ്റീവ്സെന്ററുമാണ്.ആദ്യത്തെ മലേഷ്യൻപ്രധാനമന്ത്രി തുങ്കു അബ്ദുൾ റഹ്മാൻ പുത്രഅൽ ഹജിന്റെ പേരിൽ അറിയപ്പെടുന്നു.തലസ്ഥാനമായ ക്വാലാലമ്പൂരിലെസ്ഥലപരിമിതി കണക്കിലെടുത്ത് 1999 വരെ ക്വാലാലമ്പൂർ ആസ്ഥാനമാക്കിപ്രവർത്തിച്ചിരുന്ന മലേഷ്യൻ ഗവണ്മെന്റിന്റെ എക്സിക്യൂട്ടീവ്, ജുഡീഷ്യൽ ബ്രാഞ്ചുകൾ പുത്രജയയിലേക്ക് മാറ്റി. പുത്രജയ കോംപ്ലക്സിൽ ഇറങ്ങിയ ഞങ്ങൾഅവിടത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആസ്വദിച്ചു. പുത്ര തടാകം, അത് പുത്രജയസിറ്റി ക്കു തണുപ്പ് നൽകാൻ നിർമിച്ച മനുഷ്യനിർമിത തടാകം ആയിരുന്നു , അതിന്റെമുകളിലൂടെ കപ്പൽ രൂപം പോലെയുള്ള ഒരുപാലം ഞങ്ങളെ അതിശയിപ്പിച്ചു. അപ്പോഴാണ്സിംഗ് പറഞ്ഞത് രാത്രിയിൽ പാലം മുഴുവൻവർണാഭമായ ലൈറ്റുകൾ കൊണ്ട് അലങ്കരിക്കുമെന്നു. കുറച്ചു ഫോട്ടോസ്ഒക്കെഎടുത്തു ഞങ്ങൾ പുത്ര പള്ളിയും മലേഷ്യൻപ്രധാന മന്ത്രിയുടെ വസതിയും കണ്ടു ഞങ്ങൾഅടുത്ത സ്ഥലത്തേക്ക് പോകാൻ കോച്ചിൽ കേറി .

ഏകദേശം രണ്ടു മണിക്കൂർ കോച്ചിൽ ഇരുന്നശേഷം ഞങ്ങളുടെ അടുത്ത സ്ഥലം എത്തി , മലേഷ്യയുടെ ചരിത്ര പ്രധാനമായ മലാക്കാആയിരുന്നു. ഇതൊരു ചരിത്ര പ്രാധാന്യമുള്ളപ്രദേശമായതിനാൽ യുനെസ്കോ ഈസംസ്ഥനത്തെ 2008 ജൂലൈ 7 മുതൽ പൈതൃകസംസ്ഥാനങ്ങളുടെ ഗണത്തിൽഉൾപ്പെടുത്തി. ഇവിടുത്തെ ഒരു പ്രത്യേകതഎന്നുള്ളത് ഭൂരിഭാകം ബിൽഡിങ്ങുകളും ചുവന്ന നിറത്തിൽ ആയിരുന്നു. മലാക്കായുടെ സ്ട്രീറ്റുകളിൽ കുറെ സുവനീർ ഷോപ്പുകൾഅവാർഡ് ഉൽപ്പന്നങ്ങൾവിൽക്കുന്നുണ്ടായിരുന്നു. ഞങ്ങൾ കുറച്ചുസാധനങ്ങളെ വാങ്ങിയുള്ളൂ. കാരണം ഇന്ന് രാത്രിയിൽ തന്നെ ചൈനീസ് മാർക്കറ്റ് പോകാൻ ഉള്ളതാണ് ഇവിടത്തെകാൾ ചീപ്പ് ആയിട്ടു കിട്ടും.

മലാക്കായുടെ പ്രധാന ആകർഷണങ്ങളായ സെന്റ് പീറ്റർ ചർച്, ജോൺകെർ സ്ട്രീറ്റ്, ഡച്ച് സ്‌കയർ ,പോർട്ടുഗീസ് സ്‌കയർ തുടങ്ങിയവസന്ദർശിച്ചു ഞങ്ങൾ ലഞ്ച് കഴിക്കാൻ ആയിമക്ഡൊണാൾഡ്സിൽ കയറി. ലഞ്ച്കഴിഞ്ഞപ്പോൾ തന്നെ ഏകദേശം മൂന്ന് മണി ആയി ഇന്നത്തെ Sight Seeing അവസാനിപ്പിച്ച് ഞങ്ങൾ മലേഷ്യയുടെ തലസ്ഥാനമായ കുലാലംപൂരിലേക്ക് തിരിച്ചു. അവിടെയാണ് താമസിക്കാനുള്ള ഹോട്ടൽബുക്ക് ചെയ്തിട്ടുള്ളത്. ഏകദേശം വൈകിട്ട്ഏഴു ആയപ്പോഴേക്കും ഹോട്ടലിൽ എത്തി. ആദ്യംതന്നെ വൈഫൈയും പാസ്‌വേർഡും വാങ്ങി നേരെ റൂമിൽ പോയി കുളിച്ചു ഫ്രഷ്ആയി. ശേഷം ഡിന്നർ കഴിച്ചു ഞങ്ങൾ നേരെത്തെ പറഞ്ഞ ചൈനീസ് മാർക്കറ്റിൽപോയി ഷോപ്പിംഗ് ചെയ്തു. ഞങ്ങൾഎത്തിയപ്പോഴേക്കും ലേറ്റ് ആയിരുന്നുഎന്നാലും കുറച്ചു കടകൾ ഒക്കെ കണ്ടുപിടിച്ചുമലേഷ്യൻ സുവനീറുകൾ ഒക്കെ വാങ്ങി. ശേഷം റൂമിലെത്തി ഞങ്ങൾ കിടക്കാൻ ഇരിക്കുമ്പോൾ വിൻഡോയിലെ കർട്ടൻ മാറ്റിയപ്പോൾ മലേഷ്യയുടെ ഐക്കൺ ആയടിൻ ടവർ കാണാൻ സാധിച്ചു. ഏകദേശം പന്ത്രണ്ട് മണി ആയപ്പോഴേക്കും ഞങ്ങൾ എല്ലാവരും കിടന്നു .

ഏകദേശം എല്ലാവരും രാവിലെ ഒൻപതുമാണി ആയപ്പോഴേക്കും ബ്രേക്ക് ഫാസ്റ്റ് ഒക്കെകഴിച്ചു ഞങ്ങളുടെ സിംഗ് നു വേണ്ടി വെയിറ്റ്ചെയ്തു. കൃത്യസമയത് തന്നെ പുള്ളി വന്നുഞങ്ങൾ എല്ലാവരും കോച്ചിൽ കയറി. ഇന്ന്ഞങ്ങൾക്ക് പ്രധാനമായും രണ്ടുഅട്രാക്ഷൻസ് ആണ് കാണാൻ ഉള്ളത്. ബാത്തു കേവ്സും, genting ഹൈലാൻഡും. ആദ്യം തന്നെ ഞങ്ങൾ ബാത്തു കേവസിലോട്ട്പുറപ്പെട്ടു . അവിടെ എത്തിയ പാടെ കണ്ടത്42.7 മീറ്റർ (140 അടി) ഉയരത്തിൽ സ്ഥിതിചെയ്യുന്ന ലോകത്തിലെ ഏറ്റവും ഉയരം കൂടിയമുരുകന്റെ പ്രതിമയാണ്. സ്വർണ്ണ വര്ണമുള്ള പ്രതിമ അയൽ രാജ്യമായ തായ്ലൻഡിൽനിന്ന് കൊണ്ടുവന്നതാണ്. നാനൂറു ദശലക്ഷം വർഷം പഴക്കമുള്ള ചുണ്ണാമ്പു പാറകളാൽ നിർമ്മിതമായ ഗുഹകളാണ് ബാത്തു കേവ്സ്.

ബാത്തു കേവ്സ് ലേക്ക് എതാൻ 272 സ്റ്റെപ്പുകൾ കയറണമായിരുന്നു ആദ്യം ഒന്ന് മടിച്ചെങ്കിലും എല്ലാവരും കയറി, ഏറ്റവുംമുകളിൽ എത്തിയപ്പോൾ കുറച്ചുകുരങ്ങമാരെ കാണാൻ ഇടയായി. മുകളിലെ അമ്പലം ഒക്കെ കണ്ട ഞങ്ങൾതാഴെ ഇറങ്ങി അടുത്ത സ്ഥലത്തേക്കായിപോകാൻ കോച്ചിൽ കയറി. അടുത്ത സ്ഥലത്തേക്ക് ഞങ്ങൾ കേബിൾ കാറിലാണ്പോകേണ്ടത് ഏകദേശം അരമണിക്കൂറിലെഓട്ടത്തിന് ശേഷം ഞങ്ങളെ ഒരു സ്ഥലത്തുഇറക്കി , അതു genting ഹൈലാൻഡ്സ് കേബിൾ കാർ തുടങ്ങുന്ന സ്ഥലം ആയിരുന്നു. പർവ്വതനിരകളിലെ മഴക്കാടുകളിലെകമറൂൺ മലയ്ക്ക് മുകളിലായിസമുദ്രനിരപ്പിൽ നിന്ന് 6000 അടിഉയരത്തിലാണ് ജെന്റിംഗിന്റെ സ്ഥാനം. ഇതുഒരു ഒരു വിനോദനഗരമാണ്, 13,000 ഏക്കറിലായാണ് നഗരം സ്ഥിതി ചെയ്യുന്നത്. ഇവിടെ ആറു ഹോട്ടലുകളും ആറു ഷോപ്പിങ്മാളുകളും ഔട്ട്ഡോർ തീം പാർക്കും ഉണ്ട്. ആറു ഹോട്ടലുകളിലായി പതിനായിരത്തോളം മുറികളുമുണ്ട്. മുറികളുടെ എണ്ണത്തിൽ 2006 ൽ ഗിന്നസ് ബുക്ക് ഓഫ് വേൾഡ്റെക്കോർഡിൽ സ്ഥാനം നേടിയ ഫസ്റ്റ് വേൾഡ്ഹോട്ടലിൽ 6118 മുറികളുണ്ട്. ലോകത്ത് ഏറ്റവും കൂടുതൽ മുറികളുള്ള ഹോട്ടലാണിത്. അത് പോലെത്തന്നെ മലേഷ്യയിലെ ലൈസൻസുള്ള ഏക ചൂതുകളി കേന്ദ്രവും ഇവിടെയാണ്.

ഞങ്ങൾ കേബിൾ കാറിൽ കേറി gentling ഹൈലാൻഡിന്റെ മുകളിലെത്തി ഏകദേശം 15 മിനുട്ടോളം ഉണ്ടായിരുന്നു റൈഡ് താഴെ മുതൽ മുകളിൽ വരെ. നല്ല ഒരു അനുഭവം തന്നെ ആയിരുന്നു മഞ്ഞിന്റെ ഉള്ളിലൂടെ കേബിൾ കാറിൽ പോകുന്നത്. മുകളിൽ എത്തിയ



ഞങ്ങൾക്ക് നല്ല തണുപ്പ് നേരിട്ടു, നേരത്തെ പറഞ്ഞല്ലോ ഹോട്ടൽസും ഷോപ്പിംഗ് കോംപ്ലെക്സും ഒക്കെ കൂടിയ ഒരുനഗരം ആണ് എന്ന്. നമ്മുടെ ലുലുമാളിന്റെഡബിൾ ആണ് ഇവിടുത്തെ കാര്യങ്ങൾ. ജന്റിങ്ന്റെ അകത്തുള്ള സ്നോവേൾഡ് കയറാൻ ഞങ്ങക്ക് അവസരം ലഭിച്ചു. അതിന്റെ അകത്തു 4 ഡിഗ്രി തണുപ്പ്ആയിരുന്നു. മഞ്ഞിൽ ധരിക്കേണ്ടവസ്ത്രങ്ങളും മറ്റും ഒക്കെ ധരിച്ചു അവിടെ ചിലവഴിച്ചു കുറെ ആക്ടിവിറ്റീസും മറ്റും ഒക്കെഅതിന്റെ അകത്തു ഞങ്ങൾ ചെയ്തു. ശേഷംഞങ്ങൾ ജന്റിങ്ന്റെ അകത്തുള്ള ഇന്ത്യൻറെസ്റ്റാറന്റിൽ നിന്ന് ലഞ്ച് കഴിച്ചു, ജന്റിങ്മുഴുവനായും കാണാൻ ഇറങ്ങി. ഷോപ്പിംഗ്സെന്റേഴ്സ് ഉണ്ടെങ്കിലും ഞങ്ങൾ അവിടുന്നുവാങ്ങിയില്ല നല്ല വില നല്കണമായിരുന്നു.അത് പോലെ ടൂറിസം വിദ്യാർഥികൾ ആയതുകൊണ്ട് ലോകത്തിലെ ഏറ്റവും കൂടുതൽറൂമുകൾ ഉള്ള ഹോട്ടൽ കാണാൻ പോയി, അകത്തു കയറാൻ പറ്റിയില്ലെങ്കിലും അവർഅവ്ടെ ബോർഡ് ഒക്കെ വെച്ചിട്ടുണ്ടായിരുന്നു അങ്ങനെ ഹോട്ടലിന്റെ മുന്നിൽ നിന്ന് ഫോട്ടോഒക്കെ എടുത്തു. അപ്പോഴേക്കും സമയംകടന്നുപോയിരുന്നു ഏകദേശം വൈകിട്ട് 5 മണി ആയപ്പോൾ ഞങ്ങൾ അവിടെനിന്നുഇറങ്ങി. ഇനി നേരെ ഡിന്നർ കഴിക്കാൻപൊക്ണം അതിനു ശേഷം നേരെ തിരിച്ചുതാമസിക്കുന്ന ഹോട്ടലിലേക്ക്. ജന്റിങ്ന്നു ഞങ്ങൾ തിരിച്ചിറങ്ങുന്നത് കേബിൾകാർ വഴിഅല്ല, പകരം ഞങ്ങളുടെ കോച്ച്കാത്തിരിക്കുന്നുണ്ടായിരുന്നു. തിരിച്ചിറങ്ങുന്ന വഴിവഴിക്കു ഞങ്ങൾ ഒരു അമ്പലം കാണാൻ കേറി ശേഷം മലയ്ഷ്യയുടെ ഐക്കൺ ആയ ടിൻ ടവർ കണ്ടു കുറച്ചധികം ഫോട്ടോസ് ഞങ്ങൾ അതിന്റെ അടുത്ത് നിന്ന് എടുത്തു. പിന്നെ ഡിന്നർ കഴിച്ചു നേരെ ഹോട്ടലിലേക്കു മടങ്ങി.

ഇന്ന് ഞങ്ങളുടെ മലേഷ്യയിലെ അവസാനത്തെ ദിവസം ആണ്, എല്ലാവരും ബ്രേക്ക്ഫാസ്റ്റ് ഒക്കെ കഴിച്ചു ഹോട്ടലിൽനിന്ന് ചെക്ക് ഔട്ട് ചെയ്തു. ഇന്ന് ഞങ്ങൾക്ക് മലേഷ്യയുടെ തലസ്ഥാനമായ കുലാലംപൂർ സിറ്റി ടൂർ ആണ്, മലേഷ്യയുടെ പ്രധാന ആകർഷണങ്ങൾ ആയ ടിൻ ടവർ,നാഷണൽ മോണുമെന്റ്, കിംഗ് പാലസ്, നാഷണൽമോസ്ക്, ഗഘ ടവർ, ഓൾഡ് റെയിൽവേസ്റ്റേഷൻ തുടങ്ങിയവ. ഞങ്ങളുടെ സിംഗ് ആദ്യം ഞങ്ങളെ കൊണ്ടുപോയത് നാഷണൽ മോണുമെന്റിലേക്ക് ആയിരുന്നു, മലേഷ്യയുടെ സ്വാതന്ത്ര്യ സമരത്തിൽ മരിച്ചവരെ അനുസ്മരിപ്പിക്കുന്ന ഒരു ശിൽപമാണ് ഇവിടത്തെ മെയിൻ അട്രാക്ഷൻ അതിന്റെ അടുത്ത് തന്നെ പൂന്തോട്ടങ്ങളും ഒരു വാട്ടർ ഫൗണ്ടെനും ഉണ്ടായിരുന്നു കുറച്ചു സമയം അവിടെ ചിലവഴിച്ചു അടുത്ത സ്ഥലത്തേക്ക് നീങ്ങി.

അടുത്ത സ്പോട് മലേഷ്യൻ രാജാവിന്റെ വസതി ആയിരുന്നു, അത് അറിയപ്പെടുന്നത് 'ഇസ്താന നഗര' എന്നാണ്. ഞങ്ങൾ എത്തിയപ്പോഴേക്കും ഒരു പാട് സഞ്ചാരികളെകൊണ്ട് നിറഞ്ഞിരുന്നു അവിടം. കാണാൻ നല്ലഭംഗി ആയിരുന്നു അതിന്റെ ആർക്കിടെക്ചും സ്വർണ കളർ ഉള്ള പെന്റിങ്സും, അകത്തേക്ക് പ്രവേശനം ഇല്ല ഞങ്ങൾഅവിടെ ഉള്ള സെക്യൂരിറ്റി ഗാർഡിന്റെ കൂടെ ഫോട്ടോ ഒക്കെ എടുത്തു, പുള്ളി ട്രഡീഷണൽമലേഷ്യൻ ഡ്രെസ്സും കുതിരപ്പുറത്തു ഒക്കെആണെങ്കിലും ഫോട്ടോക്ക് നിൽക്കാൻ ഒരു മടിയും ഉണ്ടായിരുന്നില്ല.

ശേഷം ഞങ്ങൾ നാഷണൽ മോസ്ക്ക് കാണാൻ പോയി, ഞങ്ങളുടെ കോച്ചിൽ നിന്ന്തന്നെ മോസ്ക്കിന്റെ മിനാരങ്ങൾ കാണാൻ പറ്റിയിരുന്നു. മോസ്ക്കിന്റെ മുന്നിൽ ഇറങ്ങിയ ഞങ്ങൾ അകത്തേക്ക് പ്രവേശിക്കാതെ അതിന്റെ ചുറ്റുപാടുംകണ്ടു , അറബിക്കല്ലിയോഗ്രാഫിക് കൊണ്ട് അലങ്കരിച്ചിരുന്നു അതിന്റെ മതിലുകൾ, അവിടെന്നു നടക്കാൻ ഉള്ള ദൂരമേ ഉണ്ടായിരുന്നൊള്ളു ഓൾഡ് റെയിൽവേ സ്റ്റേഷനിലേക് അതും കണ്ടു ഞങ്ങൾ ലഞ്ച് കഴിക്കാൻ പോയി. ലഞ്ച് കഴിക്കാൻ പോകുന്ന വഴിക്കു ഞങ്ങൾ ഇന്നലെ രാത്രി ടിൻ ടവറിന്റെ ഫോട്ടോസ് എടുത്തിരുന്നല്ലോ ഇന്ന് ഞങ്ങൾക്ക് ആറ് ശരിക്കും കാണാൻ പറ്റി. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ഇരട്ട കെട്ടിടം. കുറച്ചു നേരം അവിടെ ചിലവഴിച്ചു ഞങ്ങൾ ലഞ്ച് കഴിക്കാൻ പോയി. ലഞ്ച് കഴിച്ചു



ഞങ്ങൾ മലേഷ്യയിലെതന്നെ ഒരു ടവർ ആയ കെ എൽ ടവർ അഥവാ കുലാലംമ്പൂർ ടവർ കാണാൻ പോയി, ഇതു മലേഷ്യയിലെ ഒരു പ്രധാന ആശയ വിനിമയ ടവറാണ്. ഏറ്റവും മുകൾ ഭാഗത്തു റെസ്റ്ററന്റും ഒബ്സെർവഷൻ ഡക്കും ഉണ്ട്, ഞങ്ങൾ ടവർന്റെ ഒബ്സെർവഷൻ ഡക്കിൽ കയറാൻ അവസരം ലഭിച്ചു, അവിടെ നിന്നു നോക്കിയാൽ കുലാലംമ്പൂരിന്റെ പനോരമിക് വ്യൂ കിട്ടുമായിരുന്നു. കുറച്ചു ഫോട്ടോസ് ഒക്കെ എടുത്തു ഞങ്ങൾ എയർപോർട്ടിലേക്കു പോകാൻ ഒരുങ്ങി, വഴിയിൽ ഒരു ഷോപ്പിംഗ് മാളിൽ കയറി ബാക്കിയുള്ള മലേഷ്യൻ കറൻസി അവിടെ തീരുമാനം ആക്കി ഞങ്ങൾ നേരെ എയർപോർട്ടിലേക്ക് നീങ്ങി. തിരിച്ചുള്ള വിമാനം എയർ ഏഷ്യയുടെ തന്നെ ആയിരുന്നു, ഞങ്ങളുടെ സിങിന് നന്ദി ഒക്കെ പറഞ്ഞു തിരിച്ചു നാട്ടിലേക്കു പറന്നു !





Dilsha NT

# Be Thankful



Be thankful, that you don't have
everything you desire.
If you did what would be there,
To look forward to?
Be thankful when you don't know something
for it gives you the opportunity to learn,
Be thankful for the difficult times.
It is during those times that you grow
Be thankful for your limitations.
Because they give you the opportunities
for improvement.
Be thankful for each new challenge
For what will build your strength and character.
Be thankful for your mistakes,
Because it means you have made an effort.



# വാർത്തയിൽ ഇടം നേടിയ വാളയാർ

Askar

ഒരു സമൂഹം ലോകമനസാക്ഷിക്കുമുമ്പിൽ ത
ല കുനിച്ചു നിൽക്കുന്ന സാഹചര്യം. ഇന്ന് കേരള ജനത
ക്ക് ഈ അവസ്ഥ വന്നിട്ടുണ്ട്. എങ്കിൽ അതിന് ഉത്തരം പ
റയേണ്ടത് ഇന്ത്യൻ നീതിന്യായ കോടതിയും അടുത്ത
റിയപ്പെടേണ്ട നിയമങ്ങളുമാണ്. രണ്ടു പിഞ്ചിളം ശരീര
ങ്ങൾ വലിച്ചുകീറിക്കടിച്ചു. കുടയുന്ന മൃഗങ്ങളുടെ നാടാ
യി കേരളം മാറിയിരിക്കുന്നു. മുത്തശൻമ്മാർ പോലും
പേരകുട്ടികളുടെ പ്രായമുള്ള കുഞ്ഞുങ്ങളെ ബലാത്സം
ഗം ചെയ്യുന്ന വാർത്തകൾ പെറ്റികോട്ടിട്ട് കളിച്ചു നടക്കു
ന്ന പ്രായത്തിലുള്ള കൊച്ചു രണ്ടു കുഞ്ഞുങ്ങളെയാണ്
തൂങ്ങി നിൽക്കുന്ന നിലയിൽ വാളയാറിൽ കണ്ടത്തിയ
ത്. പോക്സോ ആക്റ്റ് പ്രകാരം എടുത്ത കേസ് ഇന്ത്യൻ
പീനൽകോഡ് സമക്ഷം തള്ളപ്പെടുന്നു. 'സാക്ഷിയില്ല
തെളിവില്ല എന്നതാണ് പ്രശനം. പലതവണ കുട്ടികൾ
പീഡനത്തിന് ഇരയായി എന്ന് വ്യക്തം. പതിമൂന്ന്, ഒൻ
മ്പത് വയസ്സ് പ്രായമുള്ള കുട്ടികൾ. സ്വമേധയാ തൂങ്ങി മ
രിക്കാനുള്ള ശേഷി ആയില്ലെന്നു പച്ചപരമാർത്ഥം. പി
ന്നെ എന്താണ് സംഭവിച്ചത്. ആദ്യ മരണത്തിന് ദൃക്സാ
ക്ഷിയായ കുട്ടിയുടെ മരണ കാരണം എന്ത് എന്ന് പോ
ലും വ്യക്തമാവാതെ അന്വേഷണസംഘം അപമാനക
രം. ഇതുപോലെ ഓരോ സംഭവം അരങ്ങേറുമ്പോളും അ
തെല്ലാം ഇത്രയേറെ വാർത്ത പ്രാധാന്യം നേടുമ്പോഴും
പ്രക്ഷോഭങ്ങൾ ഉയർന്നിട്ടും ഇതിനൊരു അറുതി വന്നിട്ടി
ല്ല. എന്ത് കൊണ്ട് ഇന്ത്യൻ നിയമവ്യവസ്ഥയിൽ ഉള്ള കു
റ്റവാളികളുടെ വിശ്വാസം. ഇത്തരം കാപാലകാരെ തീറ്റി
പോറ്റുന്ന ജയിലുകൾ. സ്വതന്ത്യ ദിന റിലീസ്, ആൾ ജാ
മ്യം, പരോൾ വയറു നിറച്ചു മൂന്ന് നേരം ഭക്ഷണം. ഇതെ
ല്ലാം തന്നെ ആണ് കേരള ജനതക്ക് തല കുനിച്ചു നിൽ
ക്കേണ്ട അവസ്ഥക്ക് കാരണം. കാമം നിറഞ്ഞ കണ്ണ് ഭയ
ക്കുന്ന കാലം വരണം. ഇന്ത്യൻ നിയമം പൊളിച്ചെഴുതി
മാറ്റി അറേബ്യൻരാജ്യ നിയമങ്ങൾ കൊണ്ട് വരണം. ക
ണ്ണിന് കണ്ണ് കൈയ്ക്ക് കൈ. എന്ന നിയമത്തിലേക്ക് ഇ
ന്ത്യ എന്ന് മാറുന്നുവോ.... അന്ന് തല ഉയർത്തി നമ്മുക്ക്
പറയാം. 'ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാം ഇന്ത്യക്കാരും
എന്റെ സഹോദരി സഹോദരന്മാരാണ്.....

**KARMA UNION**



Sreejith. K

# നിരാഹാരം

തുർക്കിയിൽ രക്തസാക്ഷിത്വം വഹിച്ചു ഹെലിൻ ബോളെകും മുസ്തഫ കൊച്ചാകും. തങ്ങളുടേതായ ഇടതുപക്ഷ വീക്ഷണം ഉണ്ടായിരുന്ന ഹെലിൻ ബോളെകും മുസ്തഫ കോച്ചാകും 'ഗ്രുപ് യുറും' എന്ന അവരംഗമായ സംഗീതസംഘവും പ്രതിരോധ സംഗീതത്തിനും നാടോടിപ്പാട്ടുകൾക്കും ശ്രദ്ധേയരായിരുന്നു. തുർക്കിയിലും യൂറോപ്പിലും അമേരിക്കയിലും തീവ്രവാദ സംഘടനയായി പ്രഖ്യാപിക്കപ്പെട്ട റവല്യൂഷണറി പീപ്പിൾസ് ലിബറേഷൻ പാർട്ടിയുമായി ബന്ധമുണ്ട് എന്ന് ആരോപിച്ചാണ് ഗ്രുപ് യുറും നിരോധിക്കപ്പെട്ടത്. സംഘാംഗങ്ങളെ എർദോഗൻ സർക്കാർ ജയിലിലും അടച്ചു.

തങ്ങൾക്കു ഗാനമേളകൾ നടത്താൻ അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടാണ് ഹെലിൻ ബോളെകും ഒരു സഹപ്രവർത്തകൻ മുസ്തഫ കോച്ചാകും ജയിലിൽ നിരാഹാരം ആരംഭിച്ചത്. എർദോഗൻ സർക്കാർ വഴങ്ങിയില്ല. കഴിഞ്ഞ നവംബറിൽ ഇവരെ ജയിലിൽ നിന്നു പുറത്തു വിട്ടു എങ്കിലും വീട്ടിൽ നിരാഹാരം തുടർന്നു. 288 ദിവസം ഹെലിൻ ബോളാക്ക് നിരാഹാരം കിടക്കുകയും സഹ പ്രവർത്തകനായ മുസ്തഫ കൊച്ചാക് 297 ദിവസം കിടന്നാണ് ഇവർ മരിച്ചത്.





# ARTICLE 370



Shruthi

1949 ഒക്ടോബർ 17-ാം തിയതി ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആർട്ടിക്കിൾ 370, ജമ്മു കാശ്മീരിനെ ഇന്ത്യൻ ഭരണഘടനയിൽ നിന്നും ഒഴിവാക്കി സ്വന്തം ഭരണഘടന തയ്യാറാക്കാൻ സംസ്ഥാനത്തെ അനുവദിക്കുന്നു ജമ്മുകാശ്മീരിന്റെ കാര്യത്തിലുള്ള പാർലമെന്റിന്റെ നിയമനിർമ്മാണ അധികാരങ്ങളെ ഇത് നിയന്ത്രിക്കുന്നു. ഇൻസ്ട്രുമെന്റ് ഓഫ് അസ്സെഷനിൽ  ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളിൽ കേന്ദ്ര നിയമം ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരുമായി 'കൂടിയാലോചന' മാത്രം മതിയെന്നും പ്രതിപാദിക്കുന്നു. എന്നാൽ ഇത് മറ്റ് കാര്യങ്ങളിലേക്ക് വ്യാപിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ 'സമ്മതം' നിർബന്ധമാണ്.

(എന്താണ് ആർട്ടിക്കിൾ 370?, കാശ്മീരിൽ സംഭവിക്കുന്നത്, 'ഒരു രാജ്യം ഒരു പതാക ഒരു ഭരണഘടന'.)

അസാധാരണ നീക്കത്തിലൂടെ കാശ്മീരിന് നൽകിയിരുന്ന പ്രത്യേക പദവി ഭരണഘടനയുടെ അനുച്ഛേദം 370 കേന്ദ്ര സർക്കാർ റദ്ദാക്കി. എല്ലാ നിയമങ്ങളും ഭരണഘടനാ വസ്തുക്കളും ബാധകം. രാഷ്ട്രപതിയുടെ വിജ്ഞാപനം പുറത്തിറക്കി. ആഭ്യന്തര മന്ത്രി രാജ്യസഭയിൽ പ്രമേയവും ബില്ലും അവതരിപ്പിച്ചു.

**എന്താണ് അനുച്ഛേദം 370? എന്താണ് കാശ്മീരിൽ സംഭവിക്കുന്നത്.**

ജമ്മു കാശ്മീരിനു പ്രത്യേക സംസ്ഥാന പദവി നൽകുന്നതാണ് ഭരണഘടനയിലെ 370 ാം വകുപ്പ്. ജമ്മുകാശ്മീരിലെ പൗരന്മാർക്ക് പ്രത്യേക അനുവദിക്കുന്നതാണ് 35A.

1947-ജമ്മു കാശ്മീർ ഇന്ത്യയുമായി ചേർക്കാനുള്ള നീക്കത്തിൽ അന്നത്തെ ഭരണാധികാരി മഹാരാജ ഹരി സിങ്ങുമായുള്ള കരാർ ഇങ്ങനെ ആയിരുന്നു : പ്രതിരോധം, വിദേശ കാര്യം, വാർത്താവിനിമയം എന്നീ മൂന്നു കാര്യങ്ങളിൽ മാത്രം ഇന്ത്യൻ നിയമങ്ങൾ ജമ്മു കാശ്മീരിൽ ബാധമാക്കാം. 1949 ൽ ഷെയ്ക് അബ്ദുള്ളയുടെ നേതൃത്വത്തിൽ വന്ന താൽകാലിക സർക്കാർ ഇതിനെ ജമ്മു കാശ്മീരിനുള്ള പ്രത്യേകപദവി എന്ന നിലയിൽ ഇന്ത്യൻ ഭരണഘടനയുടെ ഭാഗമാക്കുന്നതിൽ വിജയിച്ചു. പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം, ധനകാര്യം, എന്നിവയിലൊക്കെ രാജ്യത്തെ നിയമങ്ങൾ ജമ്മു കാശ്മീരിനു ബാധകമാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ അനുവാദം വേണം. പൗരത്വം, ഭൂഉടമസ്ഥാവകാശം, മൗലികാവകാശങ്ങൾ, എന്നിവയിലെല്ലാം മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ് കാശ്മീരിലെ നിയമങ്ങൾ

സംസ്ഥാനത്ത് സാമ്പത്തികാടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ കേന്ദ്രത്തിന് അവകാശമില്ല. പൗരത്വം നിർവചിക്കാൻ ജമ്മു കശ്മീർ നിയമസഭക്ക് സമ്പൂർണ്ണ അധികാരം നൽകുന്നു 1954 ൽ കൂട്ടിച്ചേർക്കപ്പെട്ട 35-ാം വകുപ്പ്. ഭൂമിയുടെ അവകാശവും, സർക്കാരിന്റെ സർവ്വീസുകളിലെ തൊഴിലവസരവും സംസ്ഥാന നിവാസികളുടെ മാത്രം അവകാശമാണ്. മറ്റു സംസ്ഥാനക്കാർക്ക് ഇവിടെ ഭൂമി വാങ്ങിക്കാൻ സാധിക്കില്ല. സർക്കാർ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കാൻ മറ്റു സംസ്ഥാങ്ങളിൽ നിന്നുള്ളവർക്ക് അവകാശമില്ല.

370 ാം വകുപ്പ് ഭരണഘടനയിലെ താൽകാലിക വ്യവസ്ത എന്ന നിലയിൽ കൊണ്ടുവന്നതാണെങ്കിൽ 35-ാം സ്ഥിരം വകുപ്പാണ്. മാത്രവുമല്ല ഇന്ത്യൻ ഭരണഘടനയുടെ ഒന്നാം ആർട്ടിക്കിൾ അതായത് ഇന്ത്യ എന്ന ഏകരാജ്യം ആർട്ടിക്കിൾ 370, 35-ാം വകുപ്പ് പ്രകാരമാണ് ജമ്മു കാശ്മീരിന് ബാധകമാകുന്നത്. 370 നിക്കുന്നത് ജമ്മു കാശ്മീരിനെ ഘടനയിൽ ഇന്ത്യൻ യൂണിയൻ നിന്ന് വേർപ്പെടുത്തുമെന്ന് നിയമവിദഗ്ധർ പറയുന്നു.





Rahila

# FEELING OF HEART



A sudden cry of pain
Brought sudden feeling to heart,
A sudden breaking of a chain
Brought in a sudden shiver in my heart,
The feeling of deep love,
Revealed the 'god' in heart !
Heart seemed jerned
For the "eternal life"
I could see the heart far across ;
But... could he see me? I Doubt
I could see his heart jerming another,
And my heart still searching for him!
I will wait the endless eons,

# IMPORTANT OF TIRUNAVAYA IN INDIAN CULTURE

Fahmida Binsi

Thirunavaya is well known not only in kerala but also in India. This well known place is styled as the 'kashi' of South India - as a Hindu pilgrim centre situated 8 km south east of Tirur municipality, and is one of the most prominent place for 'balitharpan' in the kerala state.

Nava Mukunda Temple, an ancient Hindu temple is located at the heart of Thirunavaya. From ancient times the place was known throughout india as a center of excellent for vedic teaching. Barathapuzha mentioned as "PRANTHEECHI" in Bhagavatham and NILA is also known as Dakshina Ganga (Southern Ganges ), The south indian equivalent to the Holy Ganga in North indian. The river emanates from annamalali near pollachi in Tamil Nadu state and flows 209 km's west to join the Arabian sea near Ponnani in Malappuram District.

It is a holy river. People from all over the country come on pilgrimage to bath in the river. MAHATMA GANDHI funeral ash was brought to thirunavaya in order to flow into the Holy Barthapuzha. Similarly it was done of Jawanharlal Nehru and Lal Bhadhur Sastri also.

Thirunavaya was the venue for mamakam, a medieval military and cultural festival, held once every 12 years. During the Mamakam time pilgrim from different places. Traders and travellers from foreign countries like Arabia, Greece and china used to visit and participate in this unique festival. The contribution made by these visitors by exchanging vivid agricultural, architecture as well as cultural innovation of their far away lands have enriched the glory of this grant event.







Mufeeda

# ലൈക്ക്

ഈ അമ്മയ്ക്കിതെന്തിന്റെ കേടാ, ഞാൻ ചെറിയ കുട്ടിയൊന്നും അല്ലാലോ, മഴ നനഞ്ഞാൽ പനി വരുമെന്നൊക്കെ എനിക്കറിയാം, നിങ്ങളെവിടെ എവിടേലും പോയി ഇരുന്നേ, എന്തിനാ എന്റെ പിറകെ ഇങ്ങനെ നടക്കുന്നത്? അൽപം ദേഷ്യത്തിൽ ആണ് അവൻ പറഞ്ഞത് അമ്മ ഇതൊക്കെ പ്രേതീക്ഷിച്ചതും ആയിരുന്നു വളരെ വിരളമായി മാത്രമേ അവൻ അമ്മയോട് സംസാരിക്കാറുള്ളു. അത് അധികവും ഈ തരത്തിൽ ആവും. മഴ കൊണ്ട് കയറി വന്നപ്പോ അമ്മ തുവർത്താൻ മുണ്ടുമായി വന്നതിനാണ് ഇപ്പോഴത്തെ ഈ പ്രകടനം. അതും പറഞ്ഞവൻ പോയപ്പോൾ അമ്മ പെട്ടന്ന് ഓർമ്മകളെന്ന കായലിലേക് ഊളിയിട്ടു.

അവൻ പത്തു വയസ് വരെ ഞാൻ വായിൽ വെച്ച് കൊടുക്കാതെ കഴിക്കില്ലായിരുന്നു. ഒറ്റ മോനായത് കൊണ്ട് ഉള്ള സ്നേഹം മുഴുവൻ അവനാകിട്ടീത്. അച്ഛൻ ആണേൽ അവനെ കാണാനുള്ള നേരോം കൂടെ ദൈവം കൊടുത്തില്ല. അവനങ്ങനെ ഞാൻ ഒറ്റക്കാണെന്ന കാര്യം ചിന്തിക്കുക കൂടിയില്ല. ജോലിത്തിരക്കാണെന്നും പറഞ്ഞു എത്താത്ത ഇടങ്ങളില്ല്യ. ഈ പാവം ആംഗണവാടി ടീച്ചർ അവനെ അവന്റെ ആഗ്രഹങ്ങൾക്കൊക്കെ വിട്ടിരുന്നു. എന്നെക്കൊണ്ട് ഇതൊക്കെല്ലേ പാടുള്ളു അവനൊരു ആൺകൊച്ചല്ലേ. കെട്ടിയിട്ടു വളർത്താനൊക്കില്ലല്ലോ. ആ അമ്മക്ക് പ്രായം 70 കഴിഞ്ഞു. ആറ്റു നോറ്റ് ഇരുപത് വർഷത്തിന് ശേഷം ഉരുളിസമർപ്പിച്ചു കിട്ടിയ വരമായിരുന്നവൻ.

പെട്ടന്നാണവൻ ഞെട്ടി എണീറ്റത്. മകളായിരു അത്. ഇപ്പോൾ തിരുവനന്തപുരത്തിന്റ



ഹൃദയഭാഗത്താണ് താമസം. സഹധർമിണി ആണേൽ അറിയപ്പെട്ട ജികിഷഗ്വര. മോളിപ്പോൾ ആറാം തരത്തിൽ പഠിക്കുന്നു.
ഡാഡി എന്താ മൊബൈൽ കയ്യിൽ വെച്ച് കണ്ണടച്ചുറങ്ങുന്നത്? കൊറേ നേരമായല്ലോ! അതിന് ഉത്തരം അയാൾ കണ്ണടച്ചു ഒതുക്കി. മോളെ വന്ന് ഭക്ഷണം കഴിച്ചേ സഹധർമിണി വിളിച്ചപ്പോൾ പോകാൻ നിന്ന മോളോടായി അയാൾ പറഞ്ഞു ലലൂസ് അമ്മയോട് ഒരിക്കലും കോപത്താൽ സംസാരിക്കരുത് കേട്ടോ. അമ്മമാരൊക്കെ പാവ. അതെന്താ അച്ഛൻ അങ്ങനെ പറഞ്ഞേ?
അത് നീയൊരു അമ്മയായാലേ നിനക്ക് മനസിലാകൂ. അവൾ ഒന്നും മനസിലാകാത്ത മട്ടിൽ നടന്ന് പോയി. അമ്മ മരിച്ചിട്ടിപ്പോ പതിനാറു വർഷായി. കല്യാണം കഴിഞ്ഞ ഉടനെ ആയിരുന്നു മരണം. അമ്മയുടെ ഒരറ്റ നിർബന്ധം കൊണ്ടാണ് ഈ നാട്ടുമ്പുറത്തുകാരി ഡോക്ടറെ ജീവിതത്തിലേക് ക്ഷണിച്ചത്. ഒരു പക്ഷെ അദ്ദേഹം അമ്മെയ്ക്ക് വേണ്ടി ചെയ്ത ഒരേ ഒരു കാര്യം ഇതായിരിക്കും.

മാതൃദിനത്തിൽ ഇൻസ്റ്റാഗ്രാമിൽ കണ്ട ഒരു പോസ്റ്റ് ആണ് തന്നെ ഇത്ര നേരം പിടിച്ചുനിർത്തിയതെന്ന്, തിരിച്ചു മൊബൈൽ ഫോണിൽ നോക്കിയപ്പോഴാണ് മനസിലായത്. അമ്മയുടെ കയ്യിൽ നിന്ന് തല്ല് വാങ്ങിയിട്ട് അമ്മേ എന്ന് വിളിച്ചു കരയുന്നതിനേക്കാൾ വലിയ അത്ഭുതമൊന്നും ഈ ലോകത്ത് വേറെ ഇല്ല. അമ്മയെന്നത് ഒരധ്യായമല്ല ഒരുപാട് അധ്യായങ്ങൾ ചേർന്ന ഒരിക്കലും തീരാത്ത പുസ്തകമാണ്.. തിരിച്ചു പോയാൽ ചെയ്ത തെറ്റൊക്കെ തിരുത്താമായിരുന്നു എന്ന ചിന്തയാൽ അയാൾ ആ പോസ്റ്റിനു ലൈക് കൊടുത്തു. കൂടാതെ മറ്റുള്ളവരെങ്കിലും കണ്ട് മനസിലാക്കികോട്ടെ എന്നതിനാൽ ഇരുപത്തിനാല് മണിക്കൂറിലേക്കുള്ള സ്റ്റോറിയായിട്ട് അയാൾ ആ പോസ്റ്റ് വെച്ചു.

Anci Das





# GOOD MANNERS

A man is a bundle of habits. But a gentleman is a bundle of manners. A man of good manners is an ornament to human society. On the other hand , a man is a plague to the common wealth. In short, good manners are always the hall marks of noble souls. Good manners are more valuable than wealth, beauty and talent. Good manners means civility of speech and action along with courtesy. Civility and courtesy are the greatest human virtues. A merchant who is not courteous or polite in his manners soon loses his costumers. Similarly a teacher or a public officer soon becomes unpopular if he is not courteous in his manners. However good manners do not come naturally. They have to be learned . If children are not told and shown how to behave politely ,they will grow up rough and rude like savages.

A man with good manners considers the feelings of others. He obeys teachers,parents and elders. He gives his seat in buses and train to women and old and sick people. He will be ready to help others. If it is possible for him .So good manners are really a form of unselfishness on the whole good manners are necessary to get success and popularity in life.






Sreelakshmi


# നിന്നിലേക്കെത്ര ദൂരം

നിന്നോടുള്ളോരോ  വാക്കും
എന്റെ ഹൃദയത്തിൽ മനെത്തിലലിഞ്ഞീടുന്നു.
നാളേറെയായ് ഞാനീ വാക്കുകൾ
എൻ മനസ്സിൽ താലോലിച്ചീടുന്നു.
നിന്റെ നിശ്വാസത്തിൻ താരാട്ടിൽ
അകലും നിൻ കാലൊച്ചകളെ
പിന്തുടർന്നു ഞാനെത്തിയതീ
അഗാധമാം നിശബ്ദതയിൽ.
മൂടൽ മഞ്ഞിലീയീറനാം
നൈൽ തഴുകീടുന്നതെന്നെയോ.
നിശ്ചലമാം നിൻ മിഴികൾ
പകവിരുന്നതെൻ ഈറൻ മിഴികളിലോ.
മൗനത്തിൽ ലയിച്ചു നിന്നു നീ
കാതോർത്തതെൻ തേങ്ങലുകളോ...
അറിയുതായില്ലിതെനിക്ക് നാളിതുവരെയായ്...



Mubarak. C

# പുത്തനത്താണി

ഇന്ത്യ രാജ്യത്തിലെ കേരളനാട്ടിലെ മലപ്പുറം എന്ന ജില്ലയിൽ സറിതി ചെയ്യുന്ന ഒരു നഗരമാണ് പുത്തനത്താണി. ആയുർവേദത്തിന്റെ നാടായ കോട്ടക്കലിനും വളാഞ്ചേരിക്കും ഇടയിലുള്ള ഇന്ത്യൻ ദേശീയ പാത 66ലാണ് ഈ ഒരു നഗരംസ്ഥിതി ചെയ്യുന്നത്. തുഞ്ചത്തെഴുത്തച്ഛന്റെ നാടായ തിരൂരിലേക്കും തിരുന്നാവായയിലേക്കുമുള്ള റോഡുകൾ പുത്തനത്താണിയിൽ നിന്നും കാണാം. 2014ലെ ഡെമോഗ്രാഫിക്സ് ഇന്ത്യൻ സെൻസെസ് പ്രകാരം 10960 സ്ത്രീകളും 7000 പുരുഷൻമാരും ഉൾപ്പെട്ടതാണ് ഇവിടത്തെ ജനസംഖ്യ.

പുത്തനത്താണിയിൽ നിന്നും ചുറ്റുമുള്ള ആളുകളിൽ നല്ലൊരു വിഭാഗം ആളുകളും വിദേശത്ത് ജോലി ചെയ്യുന്നു. കൂടുതൽ ഗൾഫ് രാജ്യങ്ങളിൽ ആണ് എന്നാലും പുത്തനത്താണിയിലും കച്ചവടം ചെയ്യുന്നവർ അനേകം ആണ്. മുസ്ലിം ജനസംഖ്യ കൂടുതലുള്ള പ്രദേശമാണ് പുത്തനത്താണി ഗ്രാമം. താരതമ്യേന ചെറിയ സംഖ്യകളിലാണ് ഹിന്ദുക്കൾ നിലനിൽക്കുന്നത്. അതിനാൽ പ്രദേശത്തിന്റെ സംസ്കാരം മുസ്ലിം പാരമ്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ദഫ്മുട്ട്, കോൽകളി, അറബനമുട്ട് എന്നിവ ഈ പ്രദേശത്തെ സാദാരണ നാടോടി കലകളാണ്. ഇസ്ലാമിക പഠനങ്ങളുടെ സമൃധമായ ഉറവിടം നൽകുന്ന നിരവധി ലൈബ്രറികൾ പള്ളികളുമായി ബന്ദിപ്പിച്ചിരിക്കുന്നു. വൈകുന്നേരങ്ങളിലെ പ്രാർത്ഥനക്കായി ആളുകൾ പള്ളികളിൽ ഒത്തുകൂടുകയും പ്രാർത്ഥനക്ക് ശേഷം അവിടെ തന്നെ ഇരിക്കുകയും ചെയ്യുന്നു. സായാഹ്ന മീറ്റിങ്ങുകളിൽ ബിസിനസ് പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്യുന്നു. ഈ പ്രദേശത്തെ ഹിന്ദു ന്യൂനപക്ഷവും തങ്ങളുടെ ക്ഷേത്രങ്ങളിൽ വിവിധ ഉത്സവങ്ങൾ ആഘോഷിക്കുന്നതിലൂടെ സമ്പന്നമായ പാരമ്പര്യങ്ങൾ പാലിക്കുന്നു. പുത്തനത്താണി ഗ്രാമം കോട്ടക്കൽ പട്ടണം വഴി ഇന്ത്യയുടെ മറ്റു ഭാഗങ്ങളുമായി ബന്ദിപ്പിക്കുന്നു. ദേശീയ പാത 66 താനൂരിലേക്കും കടന്നു പോകുന്നു. വടക്കൻ ഭാഗം ഗോവ, മുംബൈ എന്നിവയുമായും ഇത് ബന്ദിപ്പിക്കുന്നു. സംസറാന ഹൈവേ 26 നിലമ്പൂരിൽ നിന്ന് ആരംഭിച്ചു ഊട്ടി, മൈസൂർ എന്നിവിടങ്ങളിലൂടെ ഹൈവേകൾ 12, 29, 181 വഴി ബന്ദിപ്പിക്കുന്നു. പുത്തനത്താണിയിൽ നിന്നും ഏറ്റവും അടുത്തുള്ള അന്താരാഷ്ട്ര വിമാനതാവളം കൊണ്ടോട്ടിയിലാണ്. എറ്റവും അടുത്തുള്ള റെയിൽവേസ്റ്റേഷൻ തിരൂരിലാണ്. അതിമനോഹരമായ ബസ്സ്റ്റാന്റും കാണാൻ സാധിക്കും





Muhsina. K



# നമുക്കും വരും ആ കാലം

നമുക്കും വരും ആ കാലം..... ഏതാ ഈ കാലം  എന്ന് കരുതി മനസ്സ് പിടക്കണ്ട. വാർദ്ധക്യം ആണ് ആ കാലം. ഓ... വാർദ്ധക്യമോ ? എന്ന് കരുതി നിസ്സാരമാകേണ്ട. ആയുസ്സുണ്ടെങ്കിൽ നമ്മെ തേടി എത്തും ആ കാലം.

കൗമാരത്തെ യുവത്വത്തെയോ എങ്ങനെ പിടിച്ചു കെട്ടിയിടാൻ ശ്രമിച്ചാലും തുടിക്കുന്ന ആ കാലം വിട്ടുപോകും പിന്നെ എത്രയിരുന്ന് ക്ഷണിച്ചിട്ടും കാര്യമില്ല. തിരിച്ചു വരില്ല ആ കാലം. കൗമാരത്തിലെ മന്ദമാരുതയാർന്ന ആ കാലവും യുവത്വത്തിലെ ഉത്തരവാദിത്വബോധമുണർന്ന ആ ഇതാ നമ്മെ വിട്ടകന്ന് കൊണ്ടിരിക്കുന്നു എന്ന് ഓരോ ദിവസവും മാസവും കൊല്ലവും കണക്കുകൂട്ടിയിരിക്കാം. പിന്നെ എത്തും വാർദ്ധക്യം . നിനക്ക് കൗമാരമായാലും യുവത്വമായാലും അഹങ്കരിക്കല്ലെ. വാർദ്ധക്യം കണ്ടില്ലെന്ന് നടിക്കരുത്. ഇപ്പോ വാർദ്ധക്യത്തിലുള്ളവർ കൗമാരവും യുവത്വവും കഴിഞ്ഞവരാ.

പ്രായം ചെന്നവരെ എത്ര നോക്കിയാലും മതിവരാത്തവണ്ണം അവരെ പ

രിചരിക്കണം. എന്നാൽ ഞാൻ നോക്കുന്നുണ്ട് എന്ന് മറ്റുള്ളവരെ അറിയിക്കാനുമാവരുത്. അവരെ നോക്കുന്നത് മനസ്സറിഞ്ഞു നോക്കണം. പരിചരണം, ശ്രദ്ധിക്കണം, തന്റെ മനസ്സിനെ തൃപ്തിപ്പെടുത്തണം. എങ്കിൽ നിന്റെ വാർദ്ധക്യത്തിലും കാണും അങ്ങനെ ഒരാൾ

ഇപ്പോൾ ന്യൂജനറേഷൻകാർക്കിടയിൽ വൃദ്ധരെ കൊണ്ടുപോയിടാൻ ഉണ്ടാക്കിയതാണല്ലോ വൃദ്ധസദനം. തന്റെ മനസ്സിന്റെ ഏഴയലത്തു പോലും തോന്നല്ലെ ഈ ഒരു ചിന്ത. പാപമാണത്. വൃദ്ധസദനത്തിൽ ആകുന്നവർ പാപിയുമാണ്.

എന്താ ഈ ലോകം ഇങ്ങനെ. എങ്ങോട്ടാ ഈ പോകുന്നേ.... ലോകത്തെ കുറ്റപ്പെടുത്തേണ്ട. നമ്മൾ മനുഷ്യരാണ് ഇങ്ങനെ മാറ്റങ്ങൾ സൃഷ്ടിക്കുന്നത്. തന്റെ പിതാവിനേയും മാതാവിനേയും പരിചിരിക്കാതെ എന്ത് അർത്ഥമാണ് തന്റെ ജീവിതത്തിൽ. ഇത്രയും കാലം അദ്ധ്വാനിച് കഷ്ടപ്പെട്ട് വളർത്തി വലുതാക്കിയ അച്ഛനമ്മമാർ. നാം പിഞ്ചു കുഞ്ഞായിരുന്നപ്പോൾ അവരൊന്നു വിചാരിച്ചുരുന്നെങ്കിൽ തീരാവുന്നതേയുള്ളു നമ്മുടെ ജീവിതം. എന്നാൽ അവർ അത് ചെയ്തില്ല, മാത്രമല്ല വലുതാക്കി. എന്നാൽ അവരുടെ വാർദ്ധക്യ സമയത്ത് കൈത്താങ്ങി നിൽക്കേണ്ട നമ്മൾ വൃദ്ധസദനത്തിൽ കൊണ്ട് പോയി ഉപേക്ഷിക്കുന്നു. എത്രയൊക്കെ ചെയ്താലും അവർക്ക് മക്കളെന്ന് വെച്ചാൽ ജീവനാ. വൃദ്ധസദനത്തിൽ താമസിക്കുന്ന മിക്ക അച്ഛനമ്മമാരുടെയും ഒരേയൊരു സംസാരം ഇതാണ്

' മക്കൾക്ക് ജോലി ചെയ്യണ്ടേ.... പിന്നെ ഞങ്ങളെ കൂടി നോക്കാൻ അവർക്ക് എവിടെന്നാ സമയം '. എത്രയൊക്കെ ആയാലും അവർ സ്വന്തം മക്കളെ കുറ്റപ്പെടുത്തുന്നില്ല.

നമ്മൾ ഈ തിരക്ക് പിടിച്ച ജീവിതത്തിലും കുടുംബത്തിനായി സമയം ബാക്കിവെച്ച് ഭക്ഷണം കഴിക്കുമ്പോൾ ഒന്നിച്ചിരുന്ന് ഒഴിവ് കിട്ടുമ്പോൾ വാട്സ് ആപ്പിലും ഫേസ്ബുക്കിലും കണ്ണ് തുറിപ്പിക്കാതെ തന്റെ കുടുംബത്തോടൊപ്പം സമയം കഴിക്കുക. അങ്ങനെയാണെങ്കിൽ നമ്മുടെ വാർദ്ധക്യസമയത്തും നമ്മെ നോക്കാനും നമ്മോട് കളിതമാശകൾ പറഞ്ഞിരിക്കാനും നമ്മുടെ മക്കളെയും കാണും ഓർക്കുക.'നമ്മുക്കും വരും ആ കാലം

---



Archana. M.P

# നീ എൻ ഗുരു



*ഗുരു എന്ന രണ്ടക്ഷരത്തിൽ*
*ഒതുങ്ങുന്നതല്ല എൻ ഗുരു.*
*ഗുരുവാണ് ദൈവം, ഗുരുവാണ് ശ്വാസം,*
*ഗുരുവാണ് വെളിച്ചം.*
*ഇരുളിൻ മറകൾ നീക്കി അറിവിൽ വെളിച്ചം*
*പകർന്ന നിറവാണെൻ ഗുരു.*
*ഗുരുവിൻ നിഴലായി തീരാൻ എൻ മോഹം*
*ഗുരുവായി തീരാനെൻ മോഹം.*
*പ്രതീക്ഷകൾ തൻ പൊൻകിരണം എന്നിൽ*
*പതിപ്പിച്ച കാരണങ്ങളാൽ ഗുരു.*
*തിന്മ തൻ വഴി മാറി നന്മതൻ വഴി നീളെ*
*കാവലായി എൻ കൂടെ*
*എൻ ജീവിതത്തിലൂടെനീളം നിൻ വിരൽ*
*തുമ്പിൽ എൻ ആദ്യ ചുവടുകൾ നയിപ്പിച്ച*
*നാവിൻ തുമ്പിൽ ആദ്യാക്ഷരം കുറിച്ച*
*അച്ഛനാണെൻ ഗുരു*



Juvaid. M.K

# കലാലയ സ്പർശം



ഗാഢമായ ധൈര്യം
നിറഞ്ഞൊരു കാലാലയ
ഭീതികളിൽ നിറഞ്ഞൊരാ
വെള്ളരി പ്രാവുകൾ
നിറഞ്ഞു തുളുമ്പുന്ന യൗവ്വന
ദൃഷ്ടാന്തം.

മണ്ണിൻ മനസ്സിൻ മറമാടിയ
അനുരാഗം എന്നിൽ മിഴി
മുത്തായി മതിലുകളില്ലാ
സൂര്യ കിരണം തളിരുകൾ
തുടിക്കുവാൻ ഓർമ്മയായി.

# മനസ്സ്



Shaheer

## മനഃശാസ്ത്രം



ആദ്യ കാലങ്ങളിൽ ആത്മാവിനെകുറിച്ചുള്ള പഠനമായിട്ടായിരുന്നു മനഃശാസ്ത്രം അറിയപ്പെട്ടിരുന്നത്. ഒട്ടേറെ ഗവേഷണങ്ങൾക്ക് ശേഷമാണ് ആത്മാവ് എന്നതിൽ നിന്നും മനുഷ്യമനസിനെ പഠിക്കാനുള്ള ശാസ്ത്രശാഖയായി അത് മാറുന്നത്. തത്വശാസ്ത്രവും ആന്തരിക ശാസ്ത്രവും ചേർന്നതാണ് ഇന്ന് കാണുന്ന മനഃശാസ്ത്രം. മനസിനെ കുറിച്ചുള്ള പഠനമായിട്ടാണ് ഇന്ന് മനഃശാസ്ത്രം അറിയപ്പെടുന്നത്. മനഃശാസ്ത്ര രംഗത്ത് തിളങ്ങിയ ഒട്ടേറെ പണ്ഡിതർ നമുക്ക് മുന്നിൽ കടന്നുപോയിട്ടുണ്ടെങ്കിലും മനസ്സെവിടെയെന്ന ചോദ്യത്തിന് കൃത്യമായ ഉത്തരം കണ്ടെത്താൻ ഇതുവരെ അവരിൽ ഒരാൾക്കും സാധിച്ചിട്ടില്ല. ചിലർ തലച്ചോറിലെ മസ്തിഷ്ക ഭാഗത്താണ് മനസ്സെന്നും മറ്റു ചിലർ ഹൃദയത്തിലാണെന്നുമെല്ലാം അഭിപ്രായപ്പെടുന്നു. മനസ്സ് ഒരു സങ്കല്പം മാത്രമാണന്നതാണ് മറ്റൊരു വാദം. വികാരം, ചിന്ത, ഓർമ, ഭാവന, മനോഭാവം മുതലായവയുടെ ആകെതുകയാണ് മനസ്സെന്ന് പറയുന്നവരും കുറവല്ല. മനസിനെ സ്പർശിക്കാനും ദർശിക്കാനും സാധിക്കില്ലെകിലും അതിന്റെ സാന്നിധ്യം ഓരോ വ്യക്തികളുടെ വാക്കുകളിൽ നിന്നും പെരുമാറ്റങ്ങളിൽ നിന്നും പ്രതിഫലിക്കുന്നുണ്ട്. മനഃശാസ്ത്രപരമായി ഒരാളുടെ മനസ്സറിയാൻ അയാളുടെ പെരുമാറ്റം നിരീക്ഷിക്കണം.

നാം സംസാരിക്കുന്നതും, എഴുതുന്നതും, വായിക്കുന്നതും, പഠിക്കുന്നതുമെല്ലാം ബാഹ്യപെരുമാറ്റത്തിന്ന് ഉദാഹരണങ്ങളാണ്. ചിന്ത, വികാരം തുടങ്ങിയവ ആന്തരിക പെരുമാറ്റങ്ങൾക്കും ഉദാഹരണങ്ങളാണ്. ഒട്ടേറെ അത്ഭുതനിർമിതമായ ഒരു പ്രതിഭാസമാണ് മനസ്. ഉണർന്നിരിക്കുമ്പോൾ പ്രവർത്തിക്കുന്നതുമായ മനസാണ് ബോധമനസ് ഉണർന്നിരിക്കുമ്പോൾ തിരുമാനമെടുക്കാൻ ചിന്തിക്കുക. വ്യക്തമായ പ്രവർത്തനങ്ങൾ യുക്തിയെ ആശ്രയിച്ചിരിക്കും. അധ്യാപകർ ചോദ്യം ചോദിക്കുമ്പോൾ ആലോചിച്ച് ഉത്തരം പറയുക. ക്ലാസ് എടുക്കുമ്പോൾ ക്ലാസിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക തുടങ്ങിയ കാര്യങ്ങൾ ബോധ മനസിൽ നിന്നുള്ള പ്രവർത്തനങ്ങളാണ്. അക്രമസ്വഭാവം, ദുശ്ശീല ലൈഗിക പെരുമാറ്റങ്ങൾ സ്വയം നശിക്കാനും മറ്റുള്ളവരെ നശിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ അധാർമിക പ്രവർത്തികൾ ഉള്ളതും അബോധാവസ്ഥയിലാണ് നടക്കുന്നത്. മനുഷ്യന്റെ മാനസികവും ശാരീരികവുമായ ഒട്ടുമിക്ക പ്രവർത്തനങ്ങളേയും നിയന്ത്രിക്കുന്നത് അബോധ മനസ്സാണെന്ന് ആധുനിക മനശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന ഡോ.സിഗ്മണ്ട് ഫ്രോയിഡ് വാദിച്ചപ്പോൾ അതിനെ പലരും എതിർത്തു. എന്നാൽ അന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ് എന്ന് ഇന്ന് പലർക്കും മനസിലായിരിക്കുന്നു. അല്ല... കുറ്റകൃത്യങ്ങൾ പെരുകിയ കാലഘട്ടം നമുക്ക് നിരന്തരം മനസ്സിലാക്കി തരുന്നു.



Arifa Binsi.A

# Mothers Day




മദേഴ്സ് ഡേ എന്നറിഞ്ഞ ഉടനെ
അയാൾ ഫോണെടുത്ത്
വൃദ്ധസദനത്തിന്റെ മാനേജരോട്......
അമ്മയുടെ നല്ലൊരു ഫോട്ടോ അയക്കൂ
എന്തിനാണെന്ന
മാനേജരുടെ ചോദ്യത്തിന് അയാളുടെ ഉത്തരം...
'സ്റ്റാറ്റസ് വെക്കാനാണ്..... എന്ന് മാത്രം....





**Drishya Chandran. P**

# ഇതിഹാസത്തിന്റെ നാൾവഴി

ഒ.വി വിജയൻ മരണത്തിനപ്പുറം ഒരു ജീവിതം സമ്മാനിച്ച ഖസാക്കിന്റെ ഇതിഹാസം രണ്ട് വാക്കുകൾ കൊണ്ട് ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണ പരമ്പരകൾ തുടങ്ങിയ ചെറുകഥ കടൽ തീരത്ത്. ആ വാക്കുകൾ നമ്മളിൽ തങ്ങി നിൽക്കുന്നുണ്ട്. വെള്ളായിയെ, മരക്കാരെ, ഇതിഹാസം സൃഷ്ടിച്ച ഇതിഹാസത്തെ കുറിച്ച് പറയാനെന്നെങ്കിൽ 'വഴിയമ്പലത്തിൽ' തുടങ്ങി കഥാന്തരം വരെ പറയുകയാണ് ഉചിതം. 'കൂമൻകാവിൽ ബസ് വന്നു നിന്നപ്പോൾ ആ സ്ഥലം രവിക്ക് അപരിചതമായി തോന്നിയില്ല. ആ വാക്യം കൊണ്ടാണ് സമാരംഭിക്കുന്നത്. പന്തലിച്ച മാവുകൾക്കിടയിൽ, ഏറുമാടങ്ങൾക്കു നടുവിൽ

താൻ വന്നതുമെന്ന് പണ്ടേ കരുതി കാണുമെന്നു ര വി വിചാരിക്കുന്നുണ്ട് . വരും വരായികളെ ഇങ്ങനെ കാലെ ഉപ്പദർശിക്കുവാൻ കഥാപാത്രത്തിനുള്ള വൈഭവ്വം, കഥാകാരനും സമാർജിചതിനു വ്യാഖ്യാ ത മായ ഈ നോവലിന്റെ ഭാവ ഭാഷ ഘടനകൾ തെ ളിവ് നൽകുന്നുണ്ട്. അര നൂറ്റാണ്ടിനപ്പുറത്തിരുന്നു തന്റെ മാഗ്നം ഔപ്പസിൻ രൂപം കൊടുക്കുമ്പോൾ ത ന്റെ മലയാളഭാവനയിലും ഭാവുകത്വത്തിലും സംഭ വിക്കാവുന്ന ഉദയാസ്ഥമയങ്ങളെ ഒ വി വിജയന്ന് ഉൾക്കണ്‍ പാർക്കാൻ ആയതുകൊണ്ട് നമ്മുടെ സാ ഹിത്യ സൌന്ദര്യ ബോധം ഏറ്റവും ഒടുവിൽ എത്തി നിൽക്കുന്ന സ്ഥലവ്വും ഖസാക്കിന്റെ ഇതിഹാസത്തി ന് അപരിചിതമായി തോന്നാൻ ഇടയില്ല.

ഒ.വി യെ ഇതിഹാസം സൃഷ്ടിച്ച നായകനാ ക്കാൻ മറ്റൊരു കാരണം കൂടിയുണ്ട്. പല നോവലി സ്റ്റുകളും, കഥാകൃത്തുക്കളും ഗ്രാമങ്ങളെ കുറിച്ചും നാടിന്റെ ഭംഗിയെ കുറിച്ചും എഴുതിയവർ ധാരാളം കാണാം. എന്നാൽ ഖസാക്കിനെയും അവിടുത്തെ ജീവിതത്തെയും ഇത്രയും നന്നായി മറ്റൊരാൾക്കും എഴുതാൻ കഴിയില്ല. ഭാഷ കൊണ്ടു തീർത്ത ഒരു ഭാ സുര ഗോപുരം പോലെ ഈ നോവൽ ഉൽക്കന്ധരം നൽകുന്നു.രവി, പത്മ, രവിയുടെ അച്ഛൻ, ചിറ്റമ്മ തു ടങ്ങിയ വരൊഴിച്ച് ബാക്കിഉള്ള കഥാപാത്രകളെല്ലാം വിജയൻ ഖസാഖ് എന്ന് വിളിച്ചു പാലക്കാട്ടെ 'ചിത ലി' മലയുടെ താഴ്‌വാരങ്ങളിലെ ഗ്രാമവാസികലാ ണ്. അവരിൽ മുസ്ലിംങ്ങളായ ദാവുത്തറും, ഈഴവ രും, നായന്മാരും, പറയരും, പാണരും, കുറവരുമു ണ്ട്. ഖസാക്കിന് പുറത്തുള്ളവ്വരുടെ ഭാഷയും ഗ്രാമീ ണരുടെ വാമൊഴി വഴക്കങ്ങളും തമ്മിൽ വലിയ അ ന്തരമുണ്ട്. ഗ്രാമീണരുടെ തന്നെ ഭക്ഷണരീതി യിൽ ജാതിമത ഭേദം വിളയാടുന്നുണ്ട്. തന്റെ ക യ്യൊറപ്പിന്റെ ഉപയോഗം കുറഞ്ഞ് കുറഞ്ഞ് അ ത് പ്രയോഗഹീനമായ അവയവമായിതീർന്നു വെന്ന് നോവലിൽ രവി വിചാരിക്കുന്നുണ്ട്. എന്നാൽ ഈ നോവൽ എഴുത്തുക്കാരന്റെ കയ്യൊപ്പ് പതിഞ്ഞ നീല ഞരമ്പോടിയ പര ന്ന തണലുകളും ഗർഭവതിയെ പോലെ കിട ക്കുന്ന വെയിലും ദശാസന്ധി പോലെ അവ സാനിക്കുന്ന വെട്ടുവഴിയും പുതുമഴയുടെ സുരതാ വേഷവും കാറ്റിൽ ഇണ ചേരു ന്ന കരിമ്പനകളും അസ്തമയത്തി ലൂടെ പറന്നകലുന്ന പനംതത്തക ളുടെ ധനുസ്സുകളുമെല്ലാം പുസ് തകത്തിൽ എവിടെ തിര ഞ്ഞാലും കാണും വിധം പൂ ത്തുനിൽക്കുന്നുണ്ട്. ഇത് കഥാപത്രമായ രവിയുടെ തല്ല. കഥാകൃത്തായ ക വിയുടെ ഭാഷയാ ണ്.എഴുത്തുകാരൻ തന്റെ കൃതിയിൽ സർവ്വവ്യാപിയാ കുമ്പോൾ തന്നെ ഭാഷ കൊണ്ടും ശൈലി കൊ ണ്ടും ഒരിക്കലും സ്വയം വെളിപ്പെടുത്തരുതെന്ന് ആ രോ എപ്പഴോ പറഞ്ഞിട്ടുണ്ട്. ഭാഷകൊണ്ടോ ഭാഷാ ശൈലികൊണ്ടോ ഒരിക്കലും സ്വയം വെളിപ്പെടുത്തു ന്നില്ല.

'ഖസാക്കിന്റെ ഇതിഹാസം' രവിയുടെ അബ ദ്ധസഞ്ചാരങ്ങളുടെ കഥയാണെങ്കിൽ നോവലിന്റെ ഭാഷാ ശരീരത്തിൽ പലയിടത്തും നോവലിസ്റ്റിന്റെ ഇ ത്തരം കാവ്യാത്മകമായ അബദ്ധസഞ്ചാരങ്ങളുടെ അടയാളങ്ങളുണ്ട്. അപ്പോൾ വിഭിന്നമായ ഭാഷയുടെ യോ ശൈലിയുടെയോ ഒരു ഭദ്രശിൽപമല്ല നോവൽ ഭാഷയുടെ വ്യത്യസ്ത വിതാനങ്ങളും ശൈലിയുടെ ഭിന്നവ്യവസ്ഥ കളും ചേർന്ന ഘടന യാണ് ഈ നോ വലിനുള്ളത്.

'ഖസാക്ക്' വെയിലിൽ വിയർക്കുകയും മഴ യിൽ കുളിർക്കുകയും ചെയ്യുന്ന മണ്ണും മനുഷ്യരും ഇടകലരുന്ന ലോകമാണ്. പ്രകൃതിയും നാട്ടുസംസ് കൃതിയും അന്യോന്യം അവിടെ പ്രണയിക്കുകയും പരിണമിക്കുകയും ചെയ്യുന്നു. തസ്റാക്കിന്റെ കഥപ റഞ്ഞ ഖസാക്കിന്റെ ഇതിഹാസകാരന് ഒരായിരം പ്ര ണാമം.





Vaishnavi



# ചിത

മണ്ണ് വാരി കളിച്ചിട്ടാണവർ
പെട്ടന്ന് മരിച്ചു പോയത്
പച്ച മണ്ണ്
കത്താൻ സമയമെടുത്തത്
ചിതയിപ്പോഴുമോർകുന്നു.

കീശയിലൊരു കോലുമുട്ടായി
ബാക്കിയുണ്ടായിരുന്നു
കണ്ണിലുടെയൊലിച്ച ചോര
കാലിലേക്കെത്തി നിന്നു.

കഴുത്തിലമരും മുൻപേ
മനസ്സ് ഞെരിച്ച്
കൊന്നിരുന്നു.
മരണം രക്ഷപെടുത്തിയവ
രാണെന്ന് കരുതിപ്പോയി

എന്നിട്ടുമാരോ......
കണ്ണു കെട്ടിയവർ
ത്രാസിൽ ചാരം
തൂക്കി വിളിക്കുന്നു
മാപ്പ് !
ചാരം
ബാക്കിയായതിൽ



Shaziya
Rahanuma



# Freedom is my right

Live in a beautiful garden
It has flowers of different fragrance
and trees that bear sweet fruits
for most, it is heaven but
for me, though its hell
What makes this cockoo
say this, you wonder??
for it is hell, to look at this
vast sky and sigh,
though your thinks need work
And your heart needs adventure
It is hell for your freedom is taken away
It is hell not to feel air in your wings
or to have lungs filled with fresh oxygen
as you fly high and high
None has right, to limit the freedom of
someone else's life
None......
For am not a mere bird,
leading solitary life in a
lonesome meadow...



# നോക്കേണ്ടത് ഇവിടേക്ക്



Thanveera Nasri

'സദാചാരം..... അന്യന്റെ സ്വകാര്യതയിലേക്ക് കയറി ചെല്ലാനുള്ള ഇവന്റെയൊക്കെ ലൈസൻസിന്റെ പേരല്ല സദാചാരം...'!

ഒട്ടുമിക്ക മലയാളികൾക്കും ഈ ഡയലോഗ് മറക്കാൻ കഴിയില്ല. പ്രശസ്ത സംവിധായകൻ ലിജോ ജോസ് ആന്റണിയുടെ സംവിധാനത്തിൽ ഇറങ്ങിയ 'ക്വീൻ' എന്ന സിനിമയിൽ നടൻ സലിംകുമാർ കോടതിയിൽ കേസ് വാദിക്കുന്നതിനിടെ പറയുന്ന ഡയലോഗ് ആണിത്.

ഏതാനും മാസങ്ങളായി കേരളത്തിൽ സദാചാരം വലിയൊരു ചർച്ചാവിഷയമായിരിക്കുന്നു. ഒരു ആണും പെണ്ണും സംസാരിച്ചാൽ സദാചാരം ഒരുമിച്ച് ബൈക്കിൽ പോയാൽ സദാചാരം, ഒരുമിച്ചു നിന്നാൽ സദാചാരം സദാചാര ആരോപണങ്ങൾക്ക് വഴങ്ങി സമൂഹത്തിൽ തലയുയർത്തി നടക്കാനാവാതെ ജീവൻ ബലിയർപ്പിക്കേണ്ടിവന്നത് നിരവധിപേരാണ്. പലർക്കും സദാചാരത്തിന് അർഥം എന്തെന്നു പോലും അറിയാതെയാണ് സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും. ചോദിച്ചാൽ ഞങ്ങൾ സദാചാരരാണെന്ന് മറുപടി മാത്രം.

ഈ വർത്തമാനകാലഘട്ടത്തിൽ ആണും പെണ്ണും അത് ഒരുപക്ഷേ സുഹൃത്തുക്കളായിരിക്കും അല്ലെങ്കിൽ സഹോദരീ സഹോദരങ്ങളാകാം. ഭാര്യഭർത്താക്കന്മാരാക്കാം. പാർക്കിൽ ഇരുന്ന് സംസാരിക്കുന്നതും പൊതുവഴിയിലൂടെ സഞ്ചരിക്കുന്നതും ഒരു പുരുഷൻ അബദ്ധവശാൽ തൊട്ടടുത്തുള്ള വീട്ടിൽ നോക്കി പോവുകയും അയാളുടെ ഗതികേടിന് ആ വീടിന്റെ ഉമ്മറത്ത് ഒരു സ്ത്രീ ഉണ്ടാവുന്നതും സദാചാര വിരുദ്ധപ്രവർത്തനങ്ങളായി മാറിയിരിക്കുകയാണ്. ഏതു സമയത്തും ഏതു സാഹചര്യത്തിലും സദാചാരവാദികൾ പ്രത്യക്ഷപ്പെടാം. ചിലപ്പോൾ സ്വന്തം വീട്ടിലാവാം പൊതുനിരത്തിലാവാം സദാചാരത്തിന്റെ പേരിൽ ഒരു സംഘം സ്വന്തം ശരികൾ മാത്രം മുന്നിൽകണ്ട് നിയമം കയ്യിലെടുക്കുകയാണ് .

ഇവിടെയാണ് തുടക്കത്തിൽ പരാമർശിച്ച ഡയലോഗിന് പ്രസക്തിയുള്ളത്. മറ്റുള്ളവരുടെ സ്വകാര്യ ജീവിതത്തിലേക്ക് കയറി ചെന്ന് മനപ്പൂർവ്വം പ്രശ്നങ്ങൾ സൃഷ്ടിച്ച് സദാചാരം എന്ന വാക്കിൽ ഒതുക്കിപ്പോകുന്ന ചേട്ടന്മാരോ..... ചേച്ചിമാരേ......

ഇതു ഒരൽപം കൂടുതലല്ലേ..... ? എന്തിനാണ് മറ്റുള്ളവരെ ജീവിതത്തിലേക്കുള്ള കടന്നുകയറ്റം? വേണം ഒരൽപം... അത് പക്ഷേ മറ്റുള്ളവരെ ബുദ്ധിമുട്ടിച്ചിട്ടല്ല... ഇടക്കൊക്കെ ഒന്ന് നോക്കണം തൊട്ടടുത്തുള്ള റോഡിലേക്ക് റോഡിലെ കുഴികളിലേക്ക്.... പ്രകൃതിയിലേക്ക്... അവിടെയാണ് നിങ്ങളുടെ ആവശ്യം അല്ലാതെ സ്വകാര്യ ജീവിതത്തിലേക്കല്ല.......


Shahana
Sherin


# TREE



I'm a little place of a could with green,
brown colour with so cold,
Sun water Air to help me be tall Losing
my leaves on every fall Humans are my
friends but your hands bring my end old Age
is my hope But you cut for crop you
give me birth only to take my death.



Murshida KP

# Poison



Poison,you called me
I heard it first from you
Began to doubt my self
To wish, to live
I tried to change
My mind and the voice
Which came to call me
Poison,hard to accept
I was from your heart core
Not simple nor a joke
It became my audacious
Depair,
I was shocked and realised
You were right,'i'm poison'
Not Lovable nor sweet
The poison, only can kill
Poison,is neglected
From trust,love and life
From World it self
I hate living
But I pray for bliss
Or everyone
But you called me
'poison....pity poison'....

# Significance of Education



Naima. N



Education is the every important tool for the people all over the world to make balance of life and its existence on the earth.It is the tool which stimulates everyone to go ahead and succeed in life as well as provides us ability to overcome challenges in life.It is the one and only way to acquire knowledge and improve our skills in any particular field according to the need. It makes as able to create fine balance of our body,mind and spirit.

It trains our whole life and brings lot of opportunities to our way to get better prospects required for the career growth.Each and every individual need proper education to enhance their own life standards as well we became a part of social and economic growth of our one country depends on the education system strategy followed.Even after lots of awareness programmes about proper education in our country. There are many villages still left which are not having proper resources and awareness for education of people living there.

Equal importance is given to education as well as physical activities such as sports, arts and games.This helps in mental as well as physical advancement.

Above all, a student in the coming century must possess a magnificent personality Just think all possessions of man such as wealth jewels, machines, etc... Welcome him for a short period at time and leave him the other day. Knowledge serves him tell the end of his life. It is never lost nor stolen, only transference takes place.

Improving our social conditions, removing the harmful factors and accepting the good terms. We can build up strong and better educational advancement and let's pray and work hard for the same.



Haseeb

# ജയ്
# ജവാൻ

ഇരുൾ മൂടിയ അതിർത്ഥികളിൽ
രാത്രിയുടെ അന്ത്യയാമങ്ങളിൽ
കൊടും തണുപ്പിന്റെ
ശയന ശൈത്യങ്ങളിൽ
കത്തിജ്വലിക്കുന്ന, കാലുകൾ
പൊള്ളി നീറുന്ന, ചുടു വെയിലിൽ
ചെങ്കോട്ടയും കുത്തബ്മിനാറും
താജ്മഹലും ഇന്ത്യാഗേറ്റും
പിന്നെ നമ്മുടെ ഭരണ
സാരഥികളേയും കാത്ത്......
ഭാരതീയരുടെ ചുടു രക്തത്തിനായ്
കാർഗിലൂടെ നുഴഞ്ഞു കയറുന്ന
കാട്ടാളൻമാരുടെ പേടി സ്വപ്നമായ്
ഇന്ത്യയുടെ കാവൽ ഭടൻമാർ
യുവത്വങ്ങളെ ഇതിലേ ഇതിലേ
ജയ് ജവാൻ, ജയ് ഭാരത്.......







Ayisha
Maharjan

# ദൈവത്തിന്റെ മൊബൈൽ

**ദൈ**വം പല രൂപത്തിൽ വരും. മൊബൈലുമായി ഒരു യുവാവിന്റെ രൂപത്തിലും എന്നാണ് റാണു വിന്റെ പാട്ട് പകർത്തിയ അതീവ ചക്രവർത്തിയെ കുറിച്ച് ഇപ്പോൾ കൂട്ടുകാർ പറയുന്നത്. ജീവിതം ഒരു പാട്ടാണെങ്കിൽ അതിലെ ഏറ്റവും സുന്ദരമായ നോട്ട് ആയിരുന്നു റാണു വിന്റെ പാട്ട്. മൊബൈൽ റെക്കോഡ് ചെയ്യാനും ചക്രവർത്തിക്ക് തോന്നിയ നിമിഷം എത്രയോ മഹത്തരം. ആറാം നമ്പർ പ്ലാറ്റ്ഫോമിൽ കൂട്ടുകാരോടൊപ്പം നിൽക്കുകയായിരുന്നു ഞാൻ അപ്പോഴാണ് റേഡിയോ യിലൂടെ മുഹമ്മദ് റാഫിയുടെ ഒരു പാട്ട് കേട്ട്. പ്ലാറ്റ്ഫോമിൽ താഴെ ഇരുന്ന് അതിനൊപ്പം മൂളുന്ന ഒരു സ്ത്രീയെയും കണ്ടു. കീറിയ സാരി ധരിച്ച്. പാറി പറക്കുന്ന മുടിയുള്ള എൺപത് കഴിഞ്ഞ ഒരു സ്ത്രീ. നങ്ങൾക്ക് വേണ്ടി ഒരു പാട്ട് പാടി തരുമോ എന്ന് ചോദിച്ചു. അവർ പാടി. ഞാൻ അത് മൊബൈലിൽ പകർത്തി...... ചക്രവർത്തി പറയുന്നു... രണ്ടു ദിവസങ്ങൾക്കു ശേഷമാണ് വീഡിയോ ഫേസ് ബുക്കിലൂടെ ഷെയർ ചെയ്ത്.....

**കൽക്കത്തയിലെ ലതാ**

പാട്ട് ഫേമസ് ആയപ്പോ പിന്നിട് കൽക്കത്തയിൽ ലതയെ തേടിയുള്ളതായി യാത്ര. റാണുവിനെ കാണാനും കേൾക്കാനുമായി സംഗീത പ്രേമികളും മാധ്യമപ്രവർത്തകരും കൊൽക്കത്തയിൽ നിന്ന് 80 കിലോമീറ്റർ അകലെയുള്ള റാണാ ഗാട്ടിലെത്തി. എന്നാൽ ലതാജിയുടെ ഹിറ്റ് പാട്ടുകൾ ഓർക്കുന്ന പാടെ സ്വന്തം ജീവിതം ഓർത്തെടുക്കാനാവുന്നില്ല റാണു വിന്. പ്രാദേശിക സദസ്സുകളിൽ ഭർത്താവ് റാവൽ മണ്ഡല ഒപ്പം പാടിയിരുന്ന നല്ല കാലം മാത്രം., റാണുവിന്റെ ഓർമകളിൽ ഉണ്ട്... വലിയ പാട്ടുകാരെല്ലാം അന്ന് വൈകിയേ എത്തൂ. അതു വരെ പാട്ട് പാടി ഞാൻ കാണികളെ രസിപ്പിച്ചു. എന്റെ ഭർത്താവ് ഡ്രം വായിക്കും. എന്നാൽ താൻ രണ്ട് വിവാഹം കഴിച്ചു. അതിൽ നാല് കുട്ടികളാണ് ഉള്ളത് റാണുവിന്റെ മനസ്സിൽ അവ്യക്തമായ ഓർമ ചിത്രങ്ങൾ മാത്രം. മക്കളെല്ലാം വിട്ടു പോയി. ഭർത്താവ് മരിച്ചതിനു ശേഷം റാണു തെരുവിൽ ആയി. ബഗോ പോർ എന്ന സ്ഥലത്ത് റാണു താമസിക്കുന്ന വീടും സ്വന്തം അല്ല. ആരോ ഒഴിഞ്ഞു പോയ ഒരിടം മാത്രം. റാണുവിന്റെ ജീവിതത്തെ കുറിച്ച് അയൽവാസികൾക്ക്കുറച്ചു കാര്യങ്ങൾ അറിയാം. ആദ്യ വിവാഹം നടന്നത് നാദിയ ജില്ലയുടെ ആസ്ഥാനമായ കൃഷ്ണ നഗറിലെ പള്ളിയിൽ ആണെന്നും മറ്റും. എന്നാൽ ബാക്കി വരികൾ ഇല്ലാത്ത ഒരു പാട്ടിന്റെ മൂളല് പോലെ........!



Mohammad
Shafeeq

# ലക്ഷ്യം

സൂര്യനിൽ പൊൻകിരണങ്ങളാൽ മിന്നിത്തിളങ്ങുന്ന
പൊൻപളുങ്ക് കിരണങ്ങളെ പോലെ
ചുട്ടുപൊള്ളും മരുഭൂമിയിലെ മണലാരണ്യത്തിലൂടെ
പ്രതീക്ഷയോടെ മരുഭൂമിയിലെ മരീചികയെത്തേടി
കണ്ണിനാമോദം പകരുന്ന കാഴ്ചകൾക്കപ്പുറം
വെന്തുമലച്ച തരിശുകൾക്കരികിലൂടെ
സാഹസികമാം കനലാട്ടത്തിൽ ഭീതിയുമായ്
കാഠിന്യമാം വിശപ്പിനെ വകവെക്കാതെ സാഹസമാം
യാത്ര നടത്തുന്നവർ എത്ര ലക്ഷ്യധാരികൾ.
ഭീതിയുടെ കാവലാൾ  എന്ന ഇരുൾ നിറഞ്ഞ
നിഘൂഢതകളുടെ ലോകമാം ആഴക്കടലിൻ ഓളങ്ങളെ
മാറ്റലകൾ ചാർത്തി മാരുതനെ പോലെ
ഹർഷപുളകിത സ്നേഹിതനെ പോലെ
ജീവിതത്തിൻ അഭിലാഷിക ലക്ഷ്യങ്ങളെ
അടർത്തി പകർന്നുതന്ന സ്നേഹിതനെ പോലെ
രക്തദാഹികളായ സ്രാവുകൾക്ക് അന്ധകനെപോലെ
ആകാശഗോപുരങ്ങളെ തകർത്തെറിയും തിരമാലകൾക്
ഭീകരമാം യുദ്ധത്തിൻ യോദ്ധാവിനെ പോലെ
പടയാളിയെ പോലെ
പ്രതീക്ഷയുടെ സാഹസികമാം യാത്രകൾ
നടത്തുന്നവർ എത്ര ലക്ഷ്യധാരികൾ.
ആകാശങ്ങൾക്ക് ചുടുചുംബനം പകർന്നുകൊണ്ട്
സമാധാനത്തിൻ വെള്ളരിപ്രാവിൻ നിറമണിഞ്ഞ്
പ്രപഞ്ചത്തിൻ പ്രതിഭാസത്തിൻ പ്രധാനിയായ്
തലഉയർത്തിനിൽക്കും ഹിമാലയത്തിൻ സുഹൃത്തിനെ പോലെ
മനുഷ്യനെ കടിച്ചുതിന്നും വിശപ്പിനെ വകവെക്കാതെ
കാലകോലങ്ങളെ, പ്രകൃതിയുടെ ക്രോധഭാവങ്ങളെ
വകവെക്കാതെ പ്രായാതിഖ്യങ്ങൾക്ക് വഴിമാറാതെ,
പ്രതീക്ഷകൾക്ക് കുളിർമയേകും അതിന്റെ
ഉച്ചിയിലേക്ക് സാഹസികമാം
യാത്ര നടത്തുന്നവർ എത്ര ലക്ഷ്യധാരികൾ



KARMA UNION



Jaseera. C

# ALCHEMIST

The Alchemist is one of the book which is in fiction and clearly crafted by Paulo Coelho. To make more perfect it is about the following. Your dreams and goals and achieving it. While doing so, the whole universe conspires it's happening in to special feature is that it take a lot about"soul of the world" which attracts people towards their goals the book has won for the Neil golden book awards.



The story is going through a third person narration and it tells about the story of a young shepherd boy 'Santiago'. Who want to travel around the world. His greatest incident in life was his meeting with an old man, Melchizedek. King of Salem. Who die him towards his journey from the Andalusian plains it's life exotic markets of Tangier and through the mighty desert Sahara to the all famous Oasis. Where his encountry with an Alchemist and find twin, blessings besides his fiance, Fathima this story not about the Alchemist with whom Santiago meets but it is about the one who becomes Alchemist and takes over.

"To realise one's destiny is a person obligation",and "when you want something all the universe conspires in help to achieve it".



Fathima
Sahala



# സ്നേഹിതൻ

കാലം നൽകിടാത്ത സൗഹൃദം
നീ എനിക്കു നൽകി
അറിയാതെ എന്നിലെ വേദനകൾക്ക്
നീ മാധുര്യം പകർന്നു.
എന്നിലേക്ക് നീണ്ട ചുണ്ടുകളെ
നീ കരയിച്ചു ചാരമാക്കി
സാഹോദര്യത്തിന്റെ തണൽ വിരി
നീ വിശ്വാസത്തിൻ കവചമായി
വാക്കുകൾ അസ്തമിക്കാൻ നേരം
നീ പുഞ്ചിരിയാൽ പ്രകാശിപ്പിച്ചു.
നിനച്ചിരിക്കാതെ തഴുകുന്ന കാറിൽ
നീ നൽകിയ സാമിപ്യമറിഞ്ഞു.
കാലത്തിന്റെ കുസൃതിയിൽ വെറുക്കാൻ
നീ എന്നെ പഠിപ്പിച്ചല്ല
അതു കൊണ്ടാകാം കാന്ത ശക്തി പോലെ
നീ എന്നിൽ......
എന്നും ഉണ്ടാകുമെന്നിൽ
നീ മായാത്ത മഴവില്ലായി !



Sayyidath
Shamil

# Art light



Life is like a "sandwich" filled with is a wonder. Life include both tomorrow and yesterday. It may be the good day for someone and bad day for others. Death is the pointed end of life. The person who are addicted to their life do anything to their life. The clever thing that they do, became the tomorrow's art. The nature is not an art it is the creature of " The God ". Man who are born with art trying to die with their art of life.

Actually art is not a talent, we are recently heard " Not all of us can do things. But we can do small things with great love ". By " Mother Teresa". In our art of life we can give some care for someone maker whole changes in our life.

# മരണം



Fathima Risha



നിമിഷങ്ങളേറെയായി വേദന കാരണം പുളയാൻ തുടങ്ങിയിട്ട്. മരണത്തെ മുഖാമുഖം കാണാൻ തുടങ്ങിയിട്ടുണ്ട് മരണത്തിന്റെ ചെറുതിരമാലകൾ കാലിനടിയിൽ വന്നടിച്ചു കൊണ്ടിരിക്കുകയാണ്. ജീവിതം മുഴുവൻ മനസ്സിൽ ചലച്ചിത്രം പോലെ തെളിയുന്നു. പത്തിലധികം മനുഷ്യരെയും നൂറിലധികം സസ്യങ്ങളെയും ഉപദ്രവിച്ചട്ടുണ്ട്. കൂടാതെ വന്യജീവികളെയും ചെറുജീവികളെയും ഉപദ്രവിക്കേണ്ടി വന്നു. ബാല്യം, കൗമാരം, യൗവനം വാർദ്ധക്യം എന്നീ കാലഘട്ടങ്ങളിലെ വികൃത സഞ്ചാരപദങ്ങൾ ഒരു പാഠാവലിയിലെന്നവണ്ണം കാണാം. 'ഒന്നിനേയും ഉപദ്രവിക്കരുത്' എന്നതായിരുന്നു അവസാന പാഠത്തിന്റെ ശീർഷകം.....



Afina

# മകനെ മാപ്പ്



ലോകമെങ്ങും അശാന്തിയും അക്രമവും പെരുകി വരുന്ന കാലഘട്ടമാണിത്. രാജ്യങ്ങൾ തമ്മിലുള്ള മത്സരത്തിനിടയിൽ ഭരണാധികാരികൾ മനുഷ്യ സുരക്ഷ മറന്നുപോയിരിക്കുന്നു. പണകെട്ടുള്ളവർക്ക് മാത്രം സ്ഥാനമുള്ളതായിരിക്കുന്നു നമ്മുടെ രാജ്യം

26 അടി താഴ്ചയിൽ നിന്നും 88 അടി താഴ്ചയിൽ 55 ദിവസം കുടുങ്ങി കിടന്ന സുജിത്ത് എന്ന പിഞ്ചു കുഞ്ഞ് . അഴുകിയ മണം വന്നപ്പോഴാണ് ചന്ദ്രനിലേക്ക് ആളെ  അയക്കാനും മെട്രോ പണിയാനും ഉയരം കൂടിയ ആഡംബര അമ്പലങ്ങളും പ്രതിമകളും പണിയാനും കോടികൾ മുടക്കുന്ന ഡിജിറ്റൽ ഇന്ത്യക്ക് ഈ പിഞ്ചു കുഞ്ഞിന്റെ ജീവൻ രക്ഷിക്കാനുള്ള സംവിധാനങ്ങൾ ഇല്ല എന്ന് മനസ്സിലായത്, ലോകമെങ്ങും പ്രാർത്ഥനയോടെ കാത്തിരുന്നെങ്കിലും ഒരു കുഞ്ഞു പൗരൻ മരണപ്പെട്ടു എന്ന ദുരന്ത വാർത്ത ഒടുവിൽ  എത്തി. രാജ്യമെങ്ങും ഒന്നടക്കം മുട്ടുകുത്തുകയാണ് ഈ സംഭവത്തിന് മുന്നിൽ.



John Joseph
Panakkal

# മുന്തിരി വള്ളികൾ കരിയുന്ന കാലം..!

രണ്ട് വർഷം മുൻപാണ്. തെക്കൊരു സ്കൂളിന്റെ പ്രിൻസിപ്പൽ ആയി ജോലി നോക്കുന്ന സമയം. സ്വിമ്മിങ്പൂൾ ക്ലാസും, കുതിര സവാരിയും ഒക്കെയുള്ള കുന്നിൻപുറത്തെ വലിയ ഒരു സ്കൂൾ. ധനസമൃദ്ധിയിൽ വളരുന്ന കുടുംബങ്ങളിലെ ധാരാളം കുട്ടികൾ പഠിക്കുന്ന സ്ഥാപനം. അക്കാഡമിക് വർഷത്തിന്റെ തുടക്കമായത് കൊണ്ട് അഡ്മിഷന് രക്ഷിതാക്കൾ ക്യാമ്പിന് പുറത്ത് വരി നിൽക്കുന്ന സമയം. മകളുടെ അഡ്മിഷന് വേണ്ടി ഒരു പിതാവ് കാണാൻ വന്നു. കാഴ്ചക്ക് വെള്ളയും വെള്ളയും ഇട്ട തനി കോട്ടയം അച്ചായൻ. കഴുത്തിൽ തിളങ്ങുന്ന സ്വർണ ചങ്ങലമാല, മുഖത്ത് കറുത്ത റയ്ബാൻ സൺഗ്ലാസ്. തുറന്ന ചിരി. വിലകൂടിയ തുകൽ ചെരുപ്പ്.

മകൾക്ക് കുസൃതി ലേശം കൂടുതലാണ്, പഠിത്തത്തിലും മററും ഇച്ചിരി ഉഴപ്പാണ്, ഒന്ന് സഹായിക്കണം എന്ന് പറഞ്ഞു ഉറക്കെചിരിച്ചു കൊണ്ടാണ് ആ പിതാവ് സംസാരം തുടങ്ങിയത്. പറഞ്ഞുപറഞ്ഞുവന്ന്, ഒടുക്കം അയാൾ കറുത്ത റയ്ബാൻ ഊരി മേശപ്പുറത്ത് വച്ചു. നിറഞ്ഞു വന്ന കണ്ണുകൾ തുടച്ചു.

വീട്ടിലറിയാതെ, വെക്കേഷൻ സമയത്ത് പുറത്തേതോ ഉള്ള കോളേജ് പയ്യന്റെ കൂടെ കറങ്ങി നടന്നതിന്, മകളെ അവൾ പഠിച്ചിരുന്ന കോൺവെന്റ് സ്കൂളിൽ നിന്ന് സ്വഭാവദൂഷ്യത്തിന് പുറത്താക്കിയിരിക്കുകയാണ്. പല സ്കൂളിലും അഡ്മിഷൻ നോക്കി, എവിടെയും രക്ഷയില്ല. ഒടുക്കം മേശപ്പുറത്ത് കൈകുത്തിയിരുന്ന് അയാൾ കരഞ്ഞു കൊണ്ട് പറഞ്ഞു, സർ, എന്റെ കാര്യം കഷ്ടമാണ്. ഈ കാണുന്ന



സ്വർണമാലയും, കൂളിംഗ് ഗ്ലാസും മാത്രമേയുള്ളൂ. പത്താം ക്ലാസ് വരെ പഠിച്ചു. നാട്ടിൽ ഇച്ചിരി റബ്ബറും, പൈനാപ്പിൾ കൃഷിയും ആയി തേരാപാരാ നടക്കുമ്പോൾ വീട്ടുകാർ പിടിച്ചു കെട്ടിച്ചു.

കല്യാണം കഴിയുമ്പോൾ ഭാര്യ ഇറ്റലിയിൽ നഴ്സ് ആണ്. കല്യാണം കഴിഞ്ഞതും പാസ്സ്പോർട്ടും വിസയും ശരിയാക്കി, ഭാര്യ കൂടെ കൊണ്ട് പോയി. കുറച്ചു നാൾ വീട്ടിലിരുന്ന് കള്ളടിച്ചും, വെളിയിൽ കറങ്ങി നടന്നും മറ്റും എൻജോയ് ചെയ്ത് മുന്നോട്ട് പോയി. നാട്ട് നടപ്പ് അനുസരിച്ചു മൂന്ന് പിള്ളേരായി. അതോടെ പിള്ളേരെ നോക്കി വീട്ടിലിരിപ്പായി.

അങ്ങിനെയിരിക്കെ ഭാര്യക്ക് എന്തോ കാരണം കൊണ്ട് ജോലി നഷ്ടമായി. കുറച്ചു മാസം എടുത്തു മറ്റൊരു ആശുപത്രിയിൽ ജോലി കിട്ടാൻ. അന്നേരം പെണ്ണുംമ്പിള്ള കർശനമായി പറഞ്ഞു, ഞാൻ പണിയെടുത്ത് കഷ്ടപ്പെട്ട് ഉണ്ടാക്കുന്ന കാശ് നിങ്ങള് ഇങ്ങനെ കള്ള് കുടിച്ചു കളഞ്ഞാൽ പറ്റത്തില്ല. പിള്ളേര് വളർന്ന് വരികയാണ്. നിങ്ങളും പണിക്ക് പോണം. ഇല്ലേൽ നാളെ മുതൽ നിങ്ങള് വീട്ടിന് പുറത്താണ്.

പത്ത് വരെ പഠിച്ച എനിക്ക് എന്ത് ജോലി കിട്ടാൻ? പക്ഷേ, അടുത്തുള്ള മലയാളികൂട്ടുകാർ ഉത്സാഹിച്ചു. കുറച്ചു ദൂരെയുള്ള ഫ്രഞ്ച് ഉടമസ്ഥതയിലുള്ള മുന്തിരി തോട്ടത്തിൽ പണി കിട്ടി. സത്യം പറഞ്ഞാൽ നമ്മുടെ ഇവിടെ ഒക്കെ ഉള്ള റബ്ബർ വെട്ട് അല്ലേൽ പൈനാപ്പിൾ കൃഷി കണക്കുള്ള കൂലി പണി തന്നെ. എന്നാലും ഒരു പണിയല്ലേ എന്ന് കരുതി ഞാൻ അതിൽ അങ്ങ് കൂടി.

ഇപ്പം അതൊന്നും അല്ല എന്റെ വേദന. പഠിത്തം സൗകര്യമായി നടന്നോട്ടെ എന്ന് കരുതി മൂന്ന് മക്കളെയും ഞാൻ നാട്ടിൽ ബന്ധുക്കളുടെ കൂടെ നല്ല സൗകര്യത്തിൽ നിർത്തി. കാശ് ഇഷ്ടം പോലെ അയച്ചു കൊടുത്തു. ഞങ്ങളുടെ വിഷമങ്ങൾ ഒന്നും അറിയിക്കാതെ പറയുന്നതെല്ലാം അപ്പപ്പോൾ സാധിപ്പിച്ചു കൊടുത്തു. ഇപ്പോൾ മൂന്നും തലതെറിച്ച പോലെയാണ്. അമ്മയും അപ്പനും വല്ലയിടത്തും കഷ്ടപ്പെട്ട് പണിയെടുത്താണ് അവരെ പഠിപ്പിച്ചു ഒരു നിലയ്ക്കാക്കാൻ നോക്കുന്നത് എന്ന ഒരു ചിന്തയും അവർക്കില്ല. സുഖിച്ചു മദിച്ചു കഴിയുന്നു. ഇപ്പോൾ രണ്ടാമത്തെ മകൾ പഠിച്ചിരുന്ന സ്കൂളിൽ നിന്ന് പുറത്താക്കിയിരിക്കയാണ്. എങ്ങനെയെങ്കിലും അഡ്മിഷൻ തന്ന് സഹായിക്കണം. അയാളുടെ സംസാരം സങ്കടം കൊണ്ട് വിങ്ങിപോയി.

പെൺകുട്ടിയെ ക്യാബിനിൽ വിളിച്ചു സംസാരിച്ചു. നല്ല മോഡേൺ വേഷവിധാനം. സംസാരത്തിൽ നല്ല ആത്മവിശ്വാസം. എന്ത് കുറ്റത്തിനാണ് പഴയ സ്കൂളിൽ നിന്ന് പുറത്താക്കിയത് എന്ന് കുട്ടിക്ക് ഒരു ധാരണയും ഇല്ല. എന്തോ സ്കൂൾ പ്രിൻസിപ്പൽ ആയ മദർ സുപ്പീരിയറിന് തന്നെ ഇഷ്ടമല്ല എന്നാണ് കുട്ടിയുടെ തോന്നൽ. അപ്പനും അമ്മയും ഇറ്റലിയിൽ ഏതോ വലിയ ജോലിയിൽ ആണ് എന്ന് മാത്രം അറിയാം. പ്ലസ് 2 എങ്ങിനെയെങ്കിലും കഴിഞ്ഞാൽ ഇറ്റലിയിൽ തങ്ങളെ കാത്തിരിക്കുന്ന സുഖജീവിതത്തിലേക്ക് താനും സഹോദരങ്ങളും പറക്കും എന്ന് മാത്രം ആ കുട്ടിക്കറിയാം.

ഇന്ന് ഇറ്റലിയിൽ നിയന്ത്രണമില്ലാതെ കൊറോണ പകർച്ചവ്യാധി പടരുന്ന സാഹചര്യത്തിൽ ആ അപ്പനമ്മമാർ ഏത് സാഹചര്യത്തിലാണ് അവിടെ കഴിയുന്നത് എന്ന് അറിഞ്ഞുകൂടാ. അവർ ഈ രോഗപ്രതിസന്ധിയെ അതിജീവിച്ചു തിരിച്ചു വരട്ടെ എന്നാശിക്കുന്നു. അതോടൊപ്പം, അതിജീവനത്തിന്റെ ജീവിതകഥയിൽ, ജീവിതം രണ്ടറ്റം കൂട്ടിമുട്ടിക്കാൻ അപ്പനമ്മമാർ പാട് പെടുന്നത് അറിയാതെ നാട്ടിൽ സുഖലോലുപതയിൽ ജീവിച്ചു ശീലിച്ച മക്കളുടെ കുത്തു വാക്കുകളും കുറ്റപ്പെടുത്തലും അതിജീവിക്കാൻ അവർക്ക് കരുത്തുണ്ടാകട്ടെ എന്ന് പ്രത്യാശിക്കുന്നു.





Usna
Sherin

